# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം.പി 11-2281/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 02/03/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം.പി 11-2281/2022 തീയ്യതി: 02/03/2023

## എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 13-12-2022 | 23-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-12-2022 | 23-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സുസ്മിത.കെ.വി - ഓഡിറ്റ് ഓഫീസർ
ശ്രീ.സന്തോഷ് കുമാർ കെ.വി - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.പ്രസാദ്. പി. ജി- അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.വൃന്ദ.സി.എസ് - സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഹരീഷ്. പി.ആർ -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സേബ മുഹമ്മദാലി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ഷീലാ കുമാരി പി.വി. | സെക്രട്ടറി | 01-04-2021 | 30-04-2021 |
| ശ്രീമതി. ദീപ കെ.സി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-05-2021 | 27-06-2021 |
| ശ്രീമതി.നിസമോൾ എം.പി | സെക്രട്ടറി | 28-06-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. മേരി ശിൽപ കെ.തോമസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ഹർഷദ് വി.കെ. | വി.ഇ.ഒ. | 01-04-2021 | 31-03-2022 |
| ശ്രീ.സജീവ് കുമാർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.റിബൂ വർഗീസ് | വി ഇ ഒ ദേശം | 01-04-2021 | 16-02-2022 |
| ശ്രീ.ഹർഷദ് വി.കെ. | വി ഇ ഒ ദേശം | 17-02-2022 | 31-03-2022 |
| ശ്രീ.അനിൽകുമാർ | ഹെഡ് മാസ്റ്റർ ജെ.ബി.എസ്. ദേശം | 01-04-2021 | 07-12-2021 |
| ശ്രീമതി. സൈന.പി | ഹെഡ് മാസ്റ്റർ ജെ.ബി.എസ്. ദേശം | 08-12-2021 | 31-03-2022 |
| ഡോ.സുനിൽ.ജി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.സൂസൻ പോൾ വിതയത്തിൽ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 09-04-2021 |
| ശ്രീമതി.സലീന.എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 10-04-2021 | 31-03-2022 |
| ഡോ.ബിനി വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി.സീജ.കെ.കെ | അസി.എൻജിനീയർ | 01-04-2021 | 31-03-2022 |
| ഡോ.എലിസബത്ത് | മെഡിക്കൽ ഓപീസർ, സി.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീമതി.അളക ആർ ബാബു | ഫിഷറീസ് ഇൻസ് പെക്ടർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി ദീപ കെ.സി. | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ.മിനി.സി.കർത്ത | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 10-11-2021 |
| ഡോ.മിനി കെ.എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 11-11-2021 | 10-12-2021 |
| ഡോ.ആഷറാണി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 11-12-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | രസീതുകൾ റദ്ദ് ചെയ്യുന്നതിലെ അപാകതകൾ | 1-11 |
| 13 | വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത | 1-12 |
| 14 | കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക – അപാകതകൾ | 1-13 |
| 15 | വിമുക്ത ഭടൻമാരുടെ ഭവനങ്ങളുടെ വസ്തു നികുതി ഇളവ് നൽകുന്നത് സംബന്ധിച്ച അപാകതകൾ | 1-14 |
| 16 | തൊഴിൽ നികുതി – അപാകതകൾ | 1-15 |
| 17 | കെട്ടിട നിർമ്മാണാനുമതി നൽകുന്നതിലെ അപാകതകൾ | 1-16 |
| 18 | സ്വഭാവ വ്യതിയാനം വരുത്തിയ പുരയിടത്തിൽ ചട്ടപ്രകാരമുള്ള ഫീസ് അടക്കാതെ പെർമിറ്റ് അനുവദിച്ചു - സർക്കാരിന് 27,24,996/-രൂപ നഷ്ടം | 1-17 |
| 19 | ലൈസൻസ് ഈടാക്കുന്നതിൽ അപാകതകൾ | 1-18 |
| 20 | മണ്ണ് ലേലം നടത്തിയതിൽ പഞ്ചായത്തിനു വൻ വരുമാനം നഷ്ടം | 1-19 |
| 21 | ഓഡിറ്റ് ഇംപാക്റ്റ് | 1-20 |
| 22 | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്- പദ്ധതി നിർവഹണത്തിലെ അപാകതകൾ | 1-21 |
| 23 | പാലിയേറ്റീവ് കെയർ- മരുന്നുകൾ ലഭ്യമായിട്ടില്ല | 1-22 |
| 24 | ആമ്പുലൻസ് ഡ്രൈവറുടെ വേതനം - പ്രതിമാസപരിധി പാലിച്ചില്ല | 1-23 |
| 25 | ആമ്പുലൻസ് വരവ് ഗ്രാമപഞ്ചായത്തിൽ ഒടുക്കിയില്ല | 1-24 |
| 26 | ജില്ല വെബ് പോർട്ടൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-25 |
| 27 | തുല്യതാ പഠനം-രേഖകൾ ഹാജരാക്കിയില്ല | 1-26 |

| | | |
|---|---|---|
| 28 | ഐ.ടി.മിഷനിൽ നിന്നും കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല | 1-27 |
| 29 | മത്സ്യകൃഷി -അധികനിരക്കിൽ സബ് സിഡി നൽകി | 1-28 |
| 30 | ഐ.കെ.എം. വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-29 |
| 31 | തെരുവ് വിളക്ക് എ.എം.സി - അപാകതകൾ | 1-30 |
| 32 | വി.ഇ.ഓ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ അപാകതകൾ -രേഖകളുടെ അഭാവത്തിൽ ചെലവ് തുക 13,55,,602/- രൂപ തടസ്സപ്പെടുത്തുന്നു | 1-31 |
| 33 | ആർജിതാവധി സറണ്ടർ | 1-32 |
| 34 | ഓണറേറിയം- സാക്ഷരതാമിഷനിൽ നിന്നും തുക ലഭ്യമായിട്ടില്ല | 1-33 |
| 35 | വാഹന പരിപാലനം | 1-34 |
| 36 | ഡ്രൈവറുടെ ദിവസവേതനം പ്രതിമാസപരിധിയിൽ ലിമിറ്റ് ചെയ്യേണ്ടതാണ്. | 1-35 |
| 37 | മരാമത്ത് പ്രവൃത്തികളിൽ ബിൽത്തുക കണക്കാക്കിയതിലെ അപാകത- കരാറുകാർക്ക് അധികം നൽകിയ തുക തിരിച്ചടച്ചു | 1-36 |
| 38 | പഞ്ചായത്തിലെ ഓഫീസ് ടോയ്ലെറ്റ് അറ്റകുറ്റപ്പണികൾ- അപാകതകൾ | 1-37 |
| 39 | വിവിധ വാർഡുകളിലെ തോടുകൾ വൃത്തിയാക്കൽ- എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതകൾ | 1-38 |
| 40 | ഗാന്ധിപുരം അങ്കണവാടി റോഡ് കാന നിർമ്മാണം- ലഭിച്ച മണ്ണിന്റെ വിനിയോഗം സംബന്ധിച്ച് | 1-39 |
| 41 | മരാമത്ത് പ്രവൃത്തികൾ- പൊതു ന്യൂനതകൾ | 1-40 |
| 42 | ബഡ്സ് സ്കൂൾ ഗ്രാന്റ് -തുക ചെലവഴിച്ചില്ല | 1-41 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകളുടെ വിവരം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

18.02.2021 തിയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 10.02.2022തിയതിയിലെ 2(2)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2021-2022 പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 83,94,714 | 23,80,28,047 | 24,64,22,761 | 24,43,25,649 | 20,97,112 |

2021-22 വാർഷിക ധനകാര്യപ്പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ്-ചെലവുകൾ താഴെ ചേർക്കുന്നു.

| | 2021-2022 പുതുക്കിയ ബജറ്റ് പ്രകാരം | 2021-2022 വാർഷിക ധനകാര്യപത്രിക (റസീപ്റ്റ് & പേയ്മെന്റ് പത്രിക) പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 23,80,28,047 | 9,00,84,365 | 14,79,43,682 |
| ചെലവ് | 24,43,25,649 | 9,43,20,280 | 15,00,05,369 |

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവും, 2021 -22 വാർഷിക ധനകാര്യപ്പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ്-ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. ഗുണഭോക്താക്കൾക്കായി നേരിട്ട് ചെലവഴിച്ച സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിലെ 6,50,29,700/-രൂപ, തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള 1,86,17,306/- രൂപ എന്നിവ കണക്കിലെടുത്താലും ബജറ്റും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റ് മാന്വൽ നിഷ്കർഷിക്കുന്ന വിധം ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.7.2022 | 05.07.2022 |

### 1-2-1 വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി. വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

3. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. [കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)].

4. ഇ-ടെണ്ടർ ഫോറത്തിന്റെ വിലയിനത്തിൽ അതത് വർഷം ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക കണക്കാക്കി ഡിമാന്റ് ചെയ്ത് ഇൻകം-എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ 1-5(b) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ ബാലൻസ് ഷീറ്റിലെ ബി-15 ഷെഡ്യൂളിൽ അദർ റിസീവബിൾസ് (കറന്റ്) എന്ന ശീർഷകത്തിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

5.460500501-advance To Implementing Officers എന്ന ഹെഡിൽ AFS പ്രകാരം 960862/- രൂപയും, രജിസ്റ്റർ പ്രകാരം 966862/-രൂപയുമാണ് നീക്കിയിരിപ്പ്. 6000/- രൂപയുടെ വ്യത്യാസമുണ്ട്. അക്കൗണ്ടിംഗിൽ വന്ന അപാകത ജേണൽ ചെയ്ത് ശരിയാക്കിയതായി അറിയിച്ചു

6. 460500501-advance To Implementing Officers എന്ന ഹെഡിൽ 183060/- രൂപ ക്രമീകരിക്കാതെ നീക്കിയിരിപ്പുണ്ട്. UC ലഭിക്കുന്ന മുറക്ക് ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചു.

7. 460100199- Other Advances എന്ന ഹെഡിൽ 7428/- രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നു. സാക്ഷരതാ മിഷനിൽ നിന്നും തുക ലഭിക്കുന്ന മുറക്ക് അഡ്വാൻസ് ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,95,41,336 |
| വരവ് | 9,00,84,365 |
| ആകെ | 12,96,25,701 |
| ചെലവ് | 9,43,20,280 |
| നീക്കിയിരിപ്പ് | 3,53,05,421 |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 20,79,333 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ | 0 | 1,36,19,932 | 1,36,19,932 | 1,21,04,322 | 15,15,610 | 0 |
| വികസനഫണ്ട്-എസ്.സി.പി. | 0 | 59,00,701 | 59,00,701 | 50,75,730 | 8,24,971 | 0 |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 1,67,81,303 | 1,67,81,303 | 1,58,10,032 | 9,71,271 | 0 |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 64,40,164 | 64,40,164 | 34,65,404 | 29,74,760 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Basic | 0 | 14,19,991 | 14,19,991 | 11,17,448 | 3,02,543 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 24,44,018 | 24,44,018 | 2,19,619 | 22,24,399 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied- Bank | 0 | 2976078 | 2976078 | 28,94,313 | 0 | 81,765 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied- Bank | 0 | 43,72,000 | 43,72,000 | 22,59,205 | 0 | 21,12,795 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-അംഗൻവാടി പൂരക പോഷകാഹാരം-320100125 | 1,39,058 | 9,60,939 | 10,99,997 | 7,29,489 | 0 | 3,70,508 |
| ശുചിത്വമിഷൻ ഫണ്ട്-320200322 | 45,19,047 | 1,80,000 | 46,99,047 | 16,20,510 | 0 | 30,78,537 |
| സാക്ഷരത-320100197 | 13,685 | 411 | 14,096 | 0 | 0 | 14,096 |
| 320200301-വിമുക്തി | 36,150 | 0 | 36,150 | 0 | 0 | 36,150 |
| 320900102-Donations Related To Pandemic/epidemic Control | 99,250 | 17,364 | 1,16,614 | 0 | 0 | 1,16,614 |
| 320200399-ബഡ്സ് സ്കൂൾ ഫണ്ട് | 12,50,000 | 0 | 12,50,000 | 0 | 0 | 12,50,000 |
| 320900102-നിർമ്മൽ പുരസ്കാർ | 4,45,114 | 0 | 4,45,114 | 0 | 0 | 4,45,114 |
| 320100160-ലൈഫ് മിഷന്-State Sharel | 29,40,000 | 10,00,000 | 39,40,000 | 14,00,646 | 0 | 25,39,354 |

* വികസനഫണ്ട് (ജനറൽ)-ജി.ഒ.പ്രോജക്റ്റ് തുക-20,33,068/-

** വികസനഫണ്ട് (എസ്.സി.പി)-ജി.ഒ.പ്രോജക്റ്റ് തുക-1,31,999/-

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | ചെലവ് | നടപ്പാക്കിയത് (പൂർത്തിയായത്) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തത് (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 206 | 113773742 | 57354782 | 140 | 30 | 36 | 68% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 47 | 7,12,382 | 7,12,429 | 7,12,429 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 1,86,17,306 | 1,86,17,306 | 1,86,17,306 | 0 |
| ആകെ | 47 | 19329688 | 1,93,29,735 | 1,93,29,735* | 0 |

* Rs 3216562/-capital Contribution

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 64,42,600 | 427 |
| വിധവാപെൻഷൻ | 1,80,39,900 | 1157 |
| വാർദ്ധക്യകാലപെൻഷൻ | 3,50,60,800 | 2513 |
| വികലാംഗപെൻഷൻ | 47,06,000 | 315 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 7,80,400 | 49 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90,000 | 3 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.12.2022 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24,714/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. അസറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.
3. ലേലനടപടിക്രമങ്ങൾ പാലിച്ച് കരാർ വയ്ക്കാത്തതിനാൽ വരവ് നഷ്ടമുണ്ടാകുന്നു.
4. ആമ്പുലൻസ് വരവ് ഗ്രാമപഞ്ചായത്തിൽ ഒടുക്കാതിരുന്നിട്ടും നടപടിയൊന്നും സ്വീകരിച്ചില്ല.
5. പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, ബിൽ എന്നിവ തയ്യാറാക്കുന്നതിലും കൂടുതൽ കാര്യക്ഷമത ആവശ്യമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയതിന്റെ വിവരം | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 24.06.2021 | 5/2021 | 26/06/2021 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.01.2017 മുതൽ 06.02.2017 വരെ | 2011-12 മുതൽ 2015-16 വരെ | 15/03/2017 |

## 1-11 രസീതുകൾ റദ്ദ് ചെയ്യുന്നതിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിലെ മാന്വൽ രസീത് ബുക്കുകൾ, സാംഖ്യ രസീതുകളുടെ ക്യാൻസൽ റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ക്യാൻസൽ ചെയ്ത സാംഖ്യാ രസീതുകളുടെ റിപ്പോർട്ട്, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവയുടെ പരിശോധനയിൽ ക്യാൻസൽ ചെയ്ത സാംഖ്യാ രസീത് (വസ്തു നികുതി ഇനത്തിലുള്ളത്) സ്റ്റോഫ്റ്റ് വെയറിൽ നിന്നും നീക്കം ചെയ്തതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തീയതി | ക്യാൻസൽ ചെയ്ത രസീത് നം | കെട്ടിട നം | തുക |
|---|---|---|---|---|
| 1 | 24.08.2021 | 121010100787 | 13/109 | 454/- |

2. മാന്വൽ രസീത് ബുക്ക് നം.4234 ലെ രസീത് നമ്പർ 51 മുതൽ 100 വരെയുള്ള രസീതുകൾ ഉപയോഗിച്ചിട്ടില്ല. എന്നാൽ പ്രസ്തുത രസീതുകൾ ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിരുന്നില്ല.

3. 4235, 4236, 4237 എന്നീ മാന്വൽ രസീത് ബുക്കുകൾ 2021-22 സാമ്പത്തിക വർഷത്തിൽ വെറ്റിനറി അശുപത്രിയ്ക്ക് നൽകിയിട്ടുള്ളതാണ്. ടി രസീത് ബുക്കുകളിലെ ഒരു രസീത് പോലും ഉപയോഗിച്ചിട്ടില്ല. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ 5 രസീത് ബുക്കുകൾ വെറ്റിനറി അശുപത്രിയ്ക്ക് നൽകിയിട്ടുണ്ട് (രസീത് ബുക്ക് നമ്പർ 5174 മുതൽ 5179 വരെ). 3 രസീത് ബുക്കുകൾ ഉപയോഗിക്കാതെ സൂക്ഷിച്ചിട്ടുണ്ടെന്നിരിക്കെ പുതിയ ബുക്കുകൾ നൽകുകയാണുണ്ടായത്.

മേൽ അപാകതകൾ സൂചിപ്പിച്ച് 17.12.2022 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6 ന് മറുപടി ലഭ്യമാക്കിയതിൽ 2021-22 ലെ 4235, 4236, 4237 എന്നീ രസീത് ബുക്കുകൾ ഉപയോഗിക്കാതിരുന്നത് ശ്രദ്ധയിൽപ്പെടാഞ്ഞതിനാലാണ് 2022-23 ലേക്ക് ബുക്കുകൾ വാങ്ങിയതെന്നും, പ്രസ്തുത 3 രസീത് ബുക്കുകൾ ഈ വർഷത്തെ പദ്ധതികൾക്ക് ഗുണഭോക്താക്കൾക്കുള്ള ഗുണഭോക്തൃവിഹിതം ലഭ്യമാക്കുന്നതിന് ഉപയോഗിച്ചു കൊള്ളാം എന്നുമാണ് അറിയിച്ചിട്ടുള്ളത്. മാത്രമല്ല രസീത് ബുക്ക് നം.4234 ലെ രസീത് നമ്പർ 51 മുതൽ 100 വരെയുള്ള ഉപയോഗിച്ചിട്ടില്ലാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് ഓഡിറ്റിൽ ഹാജരാക്കി.

രസീത് ബുക്കുകളിലെ രസീതുകൾ ക്യാൻസൽ ചെയ്യേണ്ടി വരുമ്പോൾ അതാത് സമയം തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തേണ്ടതാണ്. മുകളിൽ സൂചിപ്പിച്ച സഞ്ചയയിലെ റദ്ദ് ചെയ്യാത്ത രസീത് (രസീത് നമ്പർ -121010100787) അടിയന്തിരമായി റദ്ദ് ചെയ്ത് പകരം അവയ്ക്ക് തുല്യമായ വസ്തു നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത

സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ ചില കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നത് തെറ്റായിട്ടാണ്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പോപ്പുലർ മോട്ടോർ കോർപ്പറേഷൻ എന്ന സ്ഥാപനം നിലനിൽക്കുന്ന കെട്ടിടത്തിന്റെ ( കെട്ടിട നമ്പർ-6/337 C, വിസ്തീർണ്ണം – 1881.29 ച.മീ, ഉടമയുടെ പേര് – സാജൻ ജോസ് ) സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ ചേർത്തിരിക്കുന്ന പേജിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല ദ്വിതീയം എന്നും റോഡിന്റെ തരം 1.5 മീറ്ററോ അതിൽ കുറവോ എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (2018-19 രണ്ടാം അർദ്ധവർഷത്തിലാണ് വസ്തുനികുതി നിർണ്ണയം നടത്തി ഡിമാന്റ് ചെയ്തിരിക്കുന്നത്. ഇതേ പേജിലെ നികുതി നിർണ്ണയ ടാബിൽ അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള ഇളവുകളിൽ മേഖല, വഴി സൗകര്യം എന്നിവയ്ക്കായി 13,169.03/- രൂപ വീതം ഇളവ് ചെയ്ത കൊണ്ടാണ് നികുതി നിർണ്ണയം നടത്തിയിരിക്കുന്നത്. എന്നാൽ നാഷണൽ ഹൈവേയുടെ അരികിൽ സ്ഥിതി ചെയ്യുന്ന ടി കെട്ടിടത്തിന്റെ മേഖല ദ്വിതീയം എന്നും റോഡിന്റെ തരം 1.5 മീറ്ററോ അതിൽ കുറവോ എന്നും രേഖപ്പെടുത്തിയാണ് വസ്തു നികുതി നിർണ്ണം നടത്തിയിരിക്കുന്നത്.

2. 11/307 A (വിസ്തീർണ്ണം – 216.78), 11/310 A (വിസ്തീർണ്ണം – 216.78) എന്നീ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 'Once Upon The River' എന്ന സ്ഥാപനത്തിന്റെ സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തു നികുതി നിർണ്ണയ വിവരങ്ങളിൽ ഉപയോഗക്രമം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ എന്നാണ് രേഖപ്പെടുത്തി (വസ്തു നികുതി നിരക്ക് - 30/- രൂപ) വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. (2019-20 ഒന്നാം അർദ്ധവർഷത്തിലാണ് വസ്തുനികുതി നിർണ്ണയം നടത്തി ഡിമാന്റ് ചെയ്തിരിക്കുന്നത്) പ്രസ്തുത സ്ഥാപനത്തിന്റെ വെബ് സൈറ്റ് പരിശോധിച്ചതിൽ വളരെയധികം പ്രീമിയം സൗകര്യങ്ങൾ (സ്വിമ്മിംഗ്

പൂൾ, ബോട്ട് സഫാരി, ഇൻഡോർ ഗെയിംസ്, മറ്റ് സൗകര്യങ്ങൾ) നൽകുന്ന റിസോർട്ട് എന്നാണ് ടി സ്ഥാപനം പരസ്യം ചെയ്തിരിക്കുന്നത്.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 21.12.2022 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19 ന് മറുപടി ലഭ്യമാക്കി. പ്രസ്തുത കാലയളവിൽ നികുതി നിർണ്ണയം നടത്തിയതിൽ കുറവ് വന്നിട്ടുള്ള തുക കണക്കാക്കുകയും തുക അടവാക്കുന്നതിന് സ്ഥാപന ഉടമക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട് എന്നും വസ്തുനികുതി നിർണ്ണയ സോഫ്റ്റ്‌വെയർ ആയ സഞ്ചയയിൽ നികുതി പുനർനിർണ്ണയം നടത്തുമ്പോൾ തൻവർഷത്തെ നികുതി മാത്രമേ പുനർനിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ പാസ്റ്റ് ഡാറ്റാ എൻട്രി ഓപ്ഷൻ ഡയറക്ടറേറ്റിൽ നിന്നും ഓപ്പൺ ആക്കുന്ന മുറക്ക് 2018-19 രണ്ടാം അർദ്ധവർഷം മുതൽ നികുതി പുനർ നിർണ്ണയം നടത്തി കുടിശ്ശിക അടവാക്കുന്നതാണ് എന്നും ശ്രീമതി റഷീദ സലാമിന്റെ ഉടമസ്ഥതയിലുള്ള 11/307 A & 11/310 A നമ്പർ കെട്ടിടങ്ങൾ വാസഗൃഹം എന്ന ഉപയോഗക്രമത്തിൽ നിന്നും ഹോം സ്റ്റേ എന്ന ഉപയോഗക്രമത്തിലേക്ക് മാറ്റുന്നതിന് 2019-20 ഒന്നാം അർദ്ധവർഷത്തിൽ അപേക്ഷ നൽകിയതിൻ പ്രകാരമാണ് ടി കെട്ടിടങ്ങളുടെ ഉപയോഗക്രമം സ്വകാര്യ ഹോസ്റ്റൽ ഹോംസ്റ്റേ എന്ന ഉപയോഗക്രമത്തിലേക്ക് മാറ്റിയിട്ടുള്ളത് എന്നും എന്നാൽ വെബ്സൈറ്റിൽ പരസ്യം ചെയ്തിട്ടുള്ളതുപോലെ അധിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ സ്ഥല പരിശോധന നടത്തി നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നുമാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്.

പോപ്പുലർ മോട്ടോർ കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് സഞ്ചയയിൽ നൽകിയിരിക്കുന്ന ഇളവുകൾ സംബന്ധിച്ച് വ്യക്തത വരുത്തി ടി കെട്ടിടത്തിന്റെ വസ്തു നികുതി പരിഷ്കരിക്കേണ്ടതും, 'Once Upon The River' എന്ന സ്ഥാപനത്തിന്റെ ഉപയോഗക്രമം നിർണ്ണയിക്കുന്നതിനായി സ്ഥല പരിശോധന നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി അതിന്റെ ഉപയോഗക്രമമനുസരിച്ച് പുനർനിർണ്ണയിക്കാൻ വേണ്ട നടപടികൾ പഞ്ചായത്ത് അധികൃതർ കൈക്കൊള്ളേണ്ടതും ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. മുകളിൽ പരാമർശിച്ച സ്ഥാപനങ്ങളുടെ വസ്തു നികുതി പുതുക്കി നിശ്ചയിച്ചയിക്കുന്നത് പ്രകാരമുള്ള വസ്തു നികുതി മുൻ കുടിശ്ശിക വരുന്ന തുക ഉൾപ്പെടെ ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക – അപാകതകൾ

1. സഞ്ചയ സോഫ്റ്റ്‌വെയറിലെ 2021-22 സാമ്പത്തിക വർഷത്തെ വസ്തു നികുതി കുടിശ്ശിക റിപ്പോർട്ട് പരിശോധിച്ചതിൽ പഞ്ചായത്തിലെ ചില വാർഡുകളിലെ കെട്ടിടങ്ങളുടെ (വാണിജ്യം, പാർപ്പിടം) വസ്തു നികുതി ഇനത്തിൽ മുൻ വർഷങ്ങളിലേതുൾപ്പെടെ കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു. ഇതിൽ വളരെയധികം തുക കുടിശ്ശിക വരുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം/ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് | വസ്തു നികുതി കുടിശ്ശിക | ഈടാക്കേണ്ട കാലയളവ് | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|---|---|
| 1 | 6/340 A, 101.87 ച.മീ | എം.ഡി, കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് | 14,122 | 2020-21 മുതൽ 2021-22 വരെ | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ |
| 2 | 6/340 C, 87.01 | എം ഡി, കേരള സ്റ്റേറ്റ് കോ മാർക്കറ്റിംഗ് ഫെഡറേഷൻ | 8,037 | 2020-21 മുതൽ 2021-22 വരെ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 3 | 6/340 F, 69.19 | എം.ഡി, കേരള കോ ഓപ്പറേറ്റീവ് മാർക്കെറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് | 6,396 | 2020-21 മുതൽ 2021-22 വരെ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 4 | 6/340 I, 58.65 | എം.ഡി, കേരള കോ ഓപ്പറേറ്റീവ് മാർക്കെറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് | 8,130 | 2020-21 മുതൽ 2021-22 വരെ | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ |
| 5 | 6/340 J, 445.43 | എം.ഡി, കേരള കോ ഓപ്പറേറ്റീവ് മാർക്കെറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് | 3,05,321 | 2013-14 മുതൽ 2021-22 വരെ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 6 | 6/446, 148 | വികാരി ആർ സി സുറിയാനിപള്ളി | 22,380 | 2018-19 മുതൽ 2021-22 വരെ | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, |

| | | | | | |
|---|---|---|---|---|---|
| | | | | | ലോഡ്ജ് , സിനിമ തിയേറ്റർ |
| 7 | 8/145, 10 | ഔസേപ്പ് (തെറ്റയിൽ) | 5,670 | 2013-14 മുതൽ 2021-22 വരെ | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ |
| 8 | 8/528, 282 | സാലിഹ്, കല്ലുങ്കൽവീട് | 19414 | 2020-21 മുതൽ 2021-22 വരെ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 9 | 10/502, 40 | ദേവസ്സി വറീത്, കാഞ്ഞൂക്കാരൻ, നെടുവന്നൂർ | 9,072 | 2018-19 മുതൽ 2021-22 വരെ | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ |
| 10 | 11/299, 150 | കുഞ്ഞിക്കുട്ടൻ, കൊൻപത്ത് | 12,249 | 2013-14 മുതൽ 2021-22 വരെ | പാർപ്പിടാവശ്യം |
| 11 | 13/64, 231.69 | ടോം. കെ. തോമസ്, കൊട്ടുക്കപ്പള്ളിൽ | 13,608 | 2018-19 മുതൽ 2021-22 വരെ | പാർപ്പിടാവശ്യം |
| 12 | 13/80, 231.69 | വിനോദ്കുമാർ കവിത, കപ്പടത്ത് | 10,206 | 2019-20 മുതൽ 2021-22 വരെ | പാർപ്പിടാവശ്യം |
| 13 | 13/81, 231.69 | നസ്റീൻ ഷെയ്ക്ക്, ട്രിനിറ്റി പെരിയാർ സാന്റ്സ്, ദേശം | 13,608 | 2018-19 മുതൽ 2021-22 വരെ | പാർപ്പിടാവശ്യം |
| 14 | 15/257, 235.5 | ഡിയോൺ സണ്ണി, എ4,പെരിയാർപാരഡൈസ്, ദേശം | 30,618 | 2013-14 മുതൽ 2021-22 വരെ | പാർപ്പിടാവശ്യം |
| 15 | 15/266, 235.5 | പ്രഭാകരൻ നായർ, പെരിയാർ പാരഡൈസ് എ.7 | 14,968 | 2018-19 മുതൽ 2021-22 വരെ | പാർപ്പിടാവശ്യം |
| 16 | 15/273, 167.84 | ഡോ.ലിസമ്മ വെട്ടം, ബി9, പെരിയാർ പാരഡൈസ് | 18,144 | 2014-15 മുതൽ 2021-22 വരെ | പാർപ്പിടാവശ്യം |
| 17 | 15/279, 167.84 | റ്റി.മോഹൻ ചന്ദ്ര മേനോൻ & ഇന്ദിര മേനോൻ, ബി-11, പെരിയാർ പാരാഡൈസ് | 13,608 | 2016-17 മുതൽ 2021-22 വരെ | പാർപ്പിടാവശ്യം |

2. പഞ്ചായത്തിന്റെ പരിധിയിൽ ആകെ 3 മൊബൈൽ ടവറുകളാണ് സഞ്ചയ പ്രകാരം നിലവിലുള്ളത്. ഇതിൽ വസ്തുനികുതി കുടിശിക വരുത്തിയിട്ടുള്ള മൊബൈൽ ടവറിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട കാലയളവ് | വസ്തുനികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | 2/464 | ജി.റ്റി.എൽ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | 2017-18 ഒന്നാം അർദ്ധ വർഷം മുതൽ നാളിതുവരെ നികുതി അടവാക്കിയിട്ടില്ല | 58,290 |

മേൽ സൂചിപ്പിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 19.12.2022 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16 ന് ലഭ്യമാക്കിയ മറുപടിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി ഇനത്തിൽ റവന്യൂ റിക്കവറി അടക്കം 100 ശതമാനം പിരിവ് ആയിട്ടുള്ളതാണെന്നും, 2021-2022 വർഷത്തിൽ SC2 1304/22 നമ്പറായി അടക്കാനുള്ള കുടിശ്ശിക മുഴുവൻ തുകയ്ക്കും റവന്യൂ റിക്കവറി നൽകിയിട്ടുള്ളതുമാണ് എന്നാണ് അറിയിച്ചത്.

മുകളിൽ സൂചിപ്പിച്ച വസ്തു നികുതി കുടിശ്ശിക മുഴുവനും ഈടാക്കി ആയതിന്റെ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 വിമുക്ത ഭടൻമാരുടെ ഭവനങ്ങളുടെ വസ്തു നികുതി ഇളവ് നൽകുന്നത് സംബന്ധിച്ച അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിൽ വിമുക്തഭടൻമാരുടെ ഭവനങ്ങൾക്ക് വസ്തുനികുതി ഇളവ് നൽകുന്നതിനായി തൻവർഷം സമർപ്പിച്ചിട്ടുള്ള സാക്ഷ്യപത്രങ്ങൾ, സഞ്ചയ സോഫ്റ്റ്‌വെയറിലെ പ്രസ്തുത

വിമുക്തഭടൻമാരുടെ കെട്ടിടങ്ങളുടെ വസ്തു നികുതി വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) വിമുക്ത ഭടൻമാരുടെ ഭവനങ്ങളുടെ വസ്തു നികുതി ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് പഞ്ചായത്തിൽ പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല.

ബി) സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 60 വിമുക്ത ഭടൻമാരുടെ ഭവനങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ 17 വിമുക്തഭടൻമാർ സമർപ്പിച്ച സാക്ഷ്യപത്രങ്ങൾ മാത്രമേ ഫയലിൽ ലഭ്യമായിട്ടുള്ളൂ.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 19.12.2022 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.13 നെ തുടർന്ന് വിമുക്ത ഭടൻമാരുടെ ഭവനങ്ങളുടെ വസ്തു നികുതി ഇളവ് അനുവദിക്കുന്നതിനായുള്ള പ്രത്യേക രജിസ്റ്റർ എഴുതി ഓഡിറ്റിൽ ഹാജരാക്കിയിരുന്നു.

26.05.2017 തീയതിയിലെ സ.ഉ.(കൈ) നം.106/17/ത.സ്വ.ഭ.വ പ്രകാരം വിമുക്തഭടൻമാരുടെ ഭവനങ്ങളുടെ കെട്ടിട നികുതി ഇളവ് ലഭ്യമാക്കുന്നതിന് നിശ്ചിത മാതൃകയിലുള്ള ഒരു സാക്ഷ്യപത്രം ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുൻപായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ മേധാവികൾക്ക് നൽകേണ്ടതാണ്. കെട്ടിടനികുതി ഇളവിനായി പുതുതായി അപേക്ഷിക്കുന്നവർ അപേക്ഷയോടൊപ്പം ഉത്തരവിൽ പറഞ്ഞിട്ടുള്ള നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ മേധാവികൾക്ക് നൽകേണ്ടതാണ്. വിമുക്തഭടൻമാരുടെ ഭവനങ്ങൾക്ക് വസ്തു നികുതി ഇളവ് നൽകുമ്പോൾ സർക്കാർ ഉത്തരവിനനുസരിച്ച് പാലിക്കേണ്ട നടപടികൾ കൈക്കോള്ളേണ്ടതാണ്. ഇളവിന് അർഹരായ വിമുക്തഭടൻമാരുടെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ അതാത് സാമ്പത്തിക വർഷം തന്നെ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും, അർഹരല്ലാത്ത വിമുക്തഭടൻമാരുടെ വസ്തു നികുതി ഈടാക്കുവാനും വേണ്ട ക്രമീകരണങ്ങൾ സഞ്ചയയിൽ നടത്തേണ്ടതുമാണ്. സാക്ഷ്യപത്രങ്ങൾ സമർപ്പിക്കാത്ത 43 വിമുക്തഭടൻമാരിൽ അർഹരല്ലാത്തവരിൽ നിന്നും വസ്തുനികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി – അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി / തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിയ്ക്ക് വിധേയനാകും. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ചില സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയപ്പോൾ കുറവു വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ചില സ്ഥാപനങ്ങൾ തങ്ങളുടെ ജിവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്/ സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | എ.സി.സി, ആലുവ ഡിപ്പോ | I |
| 2 | ലാന്റ്മാർക്ക് കാർട്ടൻസ് | I |
| 3 | ഫ്രഷേലിയസ് സൂപ്പർ ബസാർ പ്രൈവറ്റ് ലിമിറ്റഡ് | I |
| 4 | മെഹ്റബ ടിംബേഴ്സ് | I |
| 5 | മുല്ലശ്ശേരി മിനറൽസ് | II |

2) ലൈസൻസ് രജിസ്റ്റർ, അനുബന്ധ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ലൈസൻസ് എടുത്തിട്ടുള്ള പല സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ലൈസൻസ് രജിസ്റ്റർ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 16/238 | 9 | Manjooran Fuel Injection Works | 4 |
| 2 | 16/567 | 12 | Rog Taste | 4 |
| 3 | 2/445 B | 21 | A R Tools | 5 |
| 4 | 6/410 E | 32 | Yugen Agro Garden | 6 |
| 5 | 18/72 | 53 | Peacock Paper Products | 7 |

| | | | | |
|---|---|---|---|---|
| 6 | 1/224 A,B | 65 | Ocean Tiles | 6 |
| 7 | 6/486,487, 489,491 | 83 | Environmental Systems | 4 |
| 8 | 6/414 | 84 | Mr.Cook Restaurant | 3 |
| 9 | 6/630 | 87 | Quality Scafolding & Accessories | 9 |
| 10 | 15/429 A,B | 159 | Sahya Trading Company | 15 |
| 11 | 1/15,16 | 165 | Royal Steels & Cements | 4 |
| 12 | 15/45 A,B | 190 | Royal Sweets & Fruits | 3 |
| 13 | 16/309 A | 192 | Tea World | 3 |
| 14 | 16/309 C | 193 | Geasone Auto Spare | 5 |
| 15 | 18/157 | 230 | Hotel Arafa | 3 |
| 16 | 11/310A, 307A | 249, 250 | Once Upon The River | 10 |
| 17 | 4/426 A,B | 251 | Treandz Apparels | 6 |
| 18 | 15/63 B | 258 | R M Paper Products | 3 |
| 19 | 15/448 | 271 | Hotel Greenpark | 2 |
| 20 | 16/241 A | 272 | 5 Elements | 4 |
| 21 | 6/309 A | 302 | Pathinarupara Fuels | 3 |
| 22 | 6/56 A | 307 | Cedar Home Store Pvt Ltd | 11 |
| 23 | 18/154 | 311 | Al Noor Restaurant | 4 |
| 24 | 6/411 A | 322 | Needle Craft | 3 |
| 25 | 2/395 C | 328 | Odyssey Motors | 3 |
| 26 | 2/395 B | 329 | Southern Odyssey | 3 |
| 27 | 6/491 A | 351 | Promy Pipes & Sheets | 3 |
| 28 | 12/189 C | 367 | F N Roots | 3 |
| 29 | 6/411 C | 369 | Delhivery Pvt Ltd | 25 |
| 30 | 3/376 B, C, D | 379 | CMC Power Systems | 3 |
| 31 | 1/230 A1 | 387 | Noanz Distillers Pvt Ltd | 27 |
| 32 | 8/256 | 396 | XYZ Solutions | 4 |
| 33 | 6/4 A | 407 | Anns International | 5 |
| 34 | 15/395 C1 | 409 | Cliff India Food Industries | 5 |
| 35 | 9/172 | 412 | Poornasree Food Products | 5 |
| 36 | 16/313, 314 | 416 | Bubbles Pet Shop | 4 |
| 37 | 16/18 | 420 | Ultimate Fresh Super Market | 4 |
| 38 | 8/506 | 438 | S R Cement Works | 6 |
| 39 | 6/338 | 151 | Hotel Al Reem | 3 |

3) ഫയാസ് ഐഡിയൽ ഹോമിയോപതി ക്ലിനിക്ക്, വീ-ദന്ത എന്നീ പാരാമെഡിക്കൽ രജിസ്ട്രഷൻ എടുത്തിട്ടുള്ള സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.
Ayurcare (ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ 218), Gateway Beaumonts (ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ 157) എന്നീ സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

4) എഗ്രിമെന്റ് രജിസ്റ്റർ, തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ എഗ്രിമെന്റ് വച്ചിട്ടുള്ള കരാറുകാർ ആരും തന്നെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1 | എ.ജി. സനിൽ കുമാർ |
| 2 | കെ.കെ.ലത്തീഫ് |
| 3 | എ.എം.ഷാനവാസ് |
| 4 | വി.ജോയി |
| 5 | വി.ജി.സുകുമാരൻ |

| | |
|---|---|
| 6 | കെ.ഡി.ദേവസ്സികുട്ടി |
| 7 | കെ.ഐ.ഇട്ടീര |
| 8 | വി.എ.അലിയാർ |
| 9 | വി.ഒ.ജോസ് |
| 10 | എം.കെ.അബ്ദുൾ സലാം |
| 11 | കെ.എം.ജോസഫ് |
| 12 | പി.എ.ദേവസ്സികുട്ടി |
| 13 | അജയ് കുമാർ |
| 14 | ഒ.എം.നാസ്സർ |
| 15 | വിൽസൺ തോമസ് |
| 16 | പി.എം.അബ്ദുൾ ഖാദർ |

5) പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന റേഷൻ കടകൾ തങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 19.12.2022 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10 ന് മറുപടി ലഭ്യമാക്കിയതിൽ പ്രസ്തുത ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ നടപടി കൈക്കൊള്ളുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മുകളിൽ പരാമർശിച്ച തൊഴിൽ നികുതി അടവാക്കാത്ത ജീവനക്കാരുടെയും, കരാറുകാരുടെയും, റേഷൻ കട ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 കെട്ടിട നിർമ്മാണാനുമതി നൽകുന്നതിലെ അപാകതകൾ

### 1) നിലം ആയ ഭൂമിയിൽ അനധികൃത നിർമ്മാണം-തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്

06.07.2021 ൽ ശ്രീ.നിസാമുദ്ദീൻ, ജീലാനി ട്രസ്റ്റ്, പുത്തൻപുരയിൽ, ദേശം എന്ന വ്യക്തി കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതായി കാണുന്നു. ടി അപേക്ഷയിൽ ചെങ്ങമനാട് വില്ലേജിൽ സർവേ നം.345/3-2 ലെ 275 സെന്റ് സ്ഥലത്ത് 235.54 ച.മീ വിസ്തൃതിയിൽ (GF : 235.54 ച.മീ)കൾച്ചറൽ സെന്ററിന്റെ പണി പൂർത്തിയാക്കിയതായി ഒരു കംപ്ലീഷൻ പ്ലാൻ മാത്രം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ റവന്യൂ രേഖകളിൽ ടി സ്ഥലം നിലം ആണെന്നും സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണം 1 ഹെക്ടർ 11 ആർ 29 സ്ക്വയർ മീറ്റർ ആണെന്നും കാണുന്നതിനാൽ 2018 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം അപേക്ഷ സ്വീകരിക്കുന്നതിന് നിർവ്വാഹമില്ലെന്ന് കാണിച്ച് പഞ്ചായത്ത് അപേക്ഷ നിരസിച്ചിട്ടുണ്ട്. അനധികൃതമായി നിർമ്മിച്ചിട്ടുള്ള ടി കെട്ടിടത്തിന്മേൽ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി നം.27 ന് താഴെപ്പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട് .

വാർഡ് 13 ൽ ജീലാനി ട്രസ്റ്റ് നിർമ്മിച്ച അനധികൃത നിർമ്മാണം പൊളിച്ചുനീക്കുന്നതിന് 07.10.2020 ൽ എ9-1053/2020 പ്രകാരം ജീലാനി ട്രസ്റ്റ് ചെയർമാന് കത്ത് നൽകിയിരുന്നു. 14.10.2020 ൽ കക്ഷി സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തിനാൽ അസി.എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം പുതിയതായി നിർമ്മിച്ച 235.56 ച.മീ കെട്ടി നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം കേരള പഞ്ചായത്ത് രാജ് ആക്ട് 235 W(3) പ്രകാരമുള്ള തുടർ നടപടി സ്വീകരിക്കുന്നതാണെന്നും കക്ഷിയെ അറിയിച്ചതും എന്നാൽ തുടർന്നും രേഖകൾ ഹാജരാക്കാത്തതിനാൽ 11.02.2022 ൽ അനധികൃത നിർമ്മാണം പൊളിച്ചുമാറ്റുന്നതിനുള്ള അന്തിമ ഉത്തരവ് നൽകിയതുമാണ്. എന്നാൽ ജീലാനി ട്രസ്റ്റ് ബഹു.കേരള ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച WP(C)No.6169/2022(U) നമ്പർ കേസിന്റെ 25.02.2022 ലെ ഉത്തരവ് പ്രകാരം പഞ്ചായത്ത് സെക്രട്ടറിയുടെ അന്തിമ ഉത്തരവ് സ്റ്റേ ചെയ്തിട്ടുള്ളതും ആയതിനാൽ അനധികൃത നിർമ്മാണം പൊളിച്ച് നീക്കുന്നതിനുള്ള ഉത്തരവ് നടപ്പാക്കാൻ സാധിച്ചിട്ടില്ലാത്തതുമാണ്. ടി കേസിന്റെ തുടർ നടപടികൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2) ഫയർ എൻ.ഓ.സി ഇല്ലാതെ പെർമിറ്റ് അനുവദിച്ചു

ഫയൽ നം.BA 122/21

ശ്രീ.നിസാമുദ്ദീൻ.കെ.വൈ, ജീലാനി മൻസിൽ, വെണ്ണിപ്പറമ്പിൽ പുത്തൻപുരയിൽ, ദേശം എന്ന വ്യക്തിക്ക് 1090.65 ച.മീ (GF:650.62 ച.മീ , FF:440.03 ച.മീ)വാസഗൃഹം പണിയുന്നതിന് 7635 രൂപ പെർമിറ്റ് ഫീസ് ഈടാക്കി (രസീത് നം.1210102733/23.12.2021) A3-BA327583/21:23.12.2021 നമ്പറായി പെർമിറ്റ് നൽകിയിട്ടുണ്ട്. (സർവേ നം.346/13-2 ൽ 18.65 ആർ ഏരിയയിൽ) എന്നാൽ 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടം 5 പ്രകാരം A1 ഗണത്തിൽപ്പെടുന്ന 1000 സ്ക്വയർ മീറ്ററിൽ കൂടുതൽ നിർമ്മിത വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് ഫയർ ആന്റ് റെസ്ക്യൂ സർവീസസ് ഡയറക്ടർ അല്ലെങ്കിൽ ഇക്കാര്യത്തിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് നിർമ്മാണാനുമതി നൽകേണ്ടത്. എന്നാൽ ടി ഫയർ എൻ.ഓ.സി ഹാജരാക്കാതെ പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം.27/22.12.2022 ന് എൻക്വയറി പ്രകാരം ലൈസൻസിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ഫയർ ആന്റ് റെസ്ക്യൂ ഡിപ്പാർട്ട്മെന്റിൽ നിന്ന് നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കാമെന്ന് ലൈസൻസി മറുപടി തന്നതിന്റെ കോപ്പിയും ഹാജരാക്കിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

3) ഫോറം 2 വാങ്ങി സൂക്ഷിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം പുതുതായി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് വസ്തു നികുതി അസസ് ചെയ്ത് നൽകുന്നതിന് കെട്ടിട ഉടമയിൽ നിന്നും ഫോറം 2 ൽ വസ്തുനികുതി റിട്ടേൺ വാങ്ങേണ്ടതാണ്. എന്നാൽ ചെങ്ങമനാട് പഞ്ചായത്തിലെ നികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ അത്തരത്തിൽ ഉടമയിൽ നിന്നും ഫോറം 2 ൽ റിട്ടേൺ വാങ്ങി സൂക്ഷിക്കുന്നതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് തുടർന്നുള്ള വർഷങ്ങളിൽ ഫോം 2 വാങ്ങി നികുതി നിർണ്ണയം നടത്തുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയത് ഉറപ്പാക്കേണ്ടതാണ്.

4) സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന കെട്ടിടങ്ങളുടെ വിവരം പരിശോധിക്കുമ്പോൾ മിക്ക കെട്ടിടങ്ങളും സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ സർവേ നമ്പർ രേഖപ്പെടുത്തിയതായി കാണുന്നില്ല. കൃത്യമായി സർവേ നമ്പർ രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തേണ്ടതാണ്.

1-17 സ്വഭാവ വ്യതിയാനം വരുത്തിയ പുരയിടത്തിൽ ചട്ടപ്രകാരമുള്ള ഫീസ് അടക്കാതെ പെർമിറ്റ് അനുവദിച്ചു - സർക്കാരിന് 27,24,996/-രൂപ നഷ്ടം

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ചട്ടം 12(9) പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്ന അപേക്ഷയിൽ ചട്ടങ്ങൾക്ക് അനുബന്ധമായുള്ള പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള നിരക്കിലുള്ള തുകയ്ക്ക് ഡിമാന്റ് ഡ്രാഫ്റ്റോ അല്ലെങ്കിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന പ്രസ്തുത തുക കാർഷികാഭിവൃദ്ധി ഫണ്ടിലേക്ക് അടച്ചതിന്റെ തെളിവോ ഹാജരാക്കുന്നതിന്മേൽ അപ്രകാരം അനുമതി നൽകപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം, സർവ്വേ നമ്പർ വിശദമാക്കിക്കൊണ്ട് റവന്യൂ ഡിവിഷണൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. എന്നാൽ ചെങ്ങമനാട് പഞ്ചായത്തിൽ ഇപ്രകാരം സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിൽ ചട്ടത്തിൽ പറയുന്നതിനും അധികരിച്ച വിസ്തീർണ്ണത്തിൽ വാണിജ്യകെട്ടിടം പണിയുന്നതിന് ഇപ്രകാരമുള്ള ഫീസ് അടപ്പിക്കാതെ നിർമ്മാണാനുമതി നൽകിയിരിക്കുന്നു.വിശദ വിവരം ചുവടെ ചേർക്കുന്നു.

ചെങ്ങമനാട് വില്ലേജിൽ ബ്ലോക്ക് 8 ൽ11/16, 11/17 എന്നീ സർവേ നമ്പറുകളിൽപ്പെട്ട (3.28 ആർ, 11.58 ആർ)14.86 ആർ സ്വഭാവ വ്യതിയാനം നടത്തിയ പുരയിടത്തിൽ A3-BA(3059)/2022 Dtd:03.09.2021 നമ്പർ പെർമിറ്റ് പ്രകാരം ശ്രീ.രജ്മൽഖാൻ.സി.ടി.പി എന്ന വ്യക്തിക്ക് വാർഡ് 9 ൽ 2810.29 ച.മീ ( 30,249.962 ചതുരശ്ര അടി) വിസ്തീർണ്ണമുള്ള 4 നിലകളുള്ള വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിനാണ് പഞ്ചായത്ത് സെക്രട്ടറി അനുമതി നൽകിയിരിക്കുന്നത്. ടി സ്ഥലത്ത് ഫോർട്ട്കൊച്ചി സബ്കളക്ടറുടെ 13.11.2020 ലെ കെ1-1705/2020/k-dis നമ്പർ ഉത്തരവ്, ആലുവ തഹസിൽദാരുടെ (എൽ.ആർ) 13.04.2021 ലെ സിഡിസ് -സി8/9700/2020-ാം നമ്പർ നടപടി ക്രമം എന്നിവ പ്രകാരം ബി.ടി.ആറിൽ നിലമായി രേഖപ്പെടുത്തിയിരുന്ന ടി ഭൂമി സ്വഭാവ വ്യതിയാനം വരുത്തിയ പുരയിടമായി തരം മാറ്റുകയും ഭൂനികുതി പുനർനിർണ്ണയിച്ച് ഉത്തരവായിട്ടുള്ളതുമാണ്. എന്നാൽ ടി ഉത്തരവുകളിലെ നിബന്ധനകളനുസരിച്ച് 2018 ലെ കേരള നെൽവയൽ തണ്ണീർത്തടസംരക്ഷണ (ഭേദഗതി) നിയമത്തിലെ ചട്ടം 12(9) പ്രകാരം ഇപ്രകാരം അനുമതി നൽകപ്പെട്ട വസ്തുവിൽ 3000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്ന പക്ഷം അധികമായി നിർമ്മിക്കുന്ന ഓരോ ചതുരശ്ര അടിക്കും 100 രൂപ കണക്കിൽ 0029-800-88 എന്ന ശീർഷകത്തിൽ ഫീസ് ഒടുക്കിയതിന്റെ രസീത് ഹാജരാക്കിയ ശേഷം മാത്രം പഞ്ചായത്തിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് അനുവദിക്കേണ്ടതായിരുന്നു. ഇപ്രകാരം 30249.962 ചതുരശ്ര അടി ഏരിയയിൽ നിർമ്മിക്കുന്ന ടി കെട്ടിടത്തിന് ചട്ട പ്രകാരം 27,24,996/- രൂപ മേൽ ശീർഷകത്തിൽ അടവാക്കിയതിന്റെ ചലാൻ ലഭ്യമാക്കാതെയാണ് പഞ്ചായത്ത് നിർമ്മാണാനുമതി നൽകിയത്. ഇതുമൂലം ടി ഇനത്തിൽ സർക്കാരിന്

ലഭ്യമാകേണ്ട വരുമാനത്തിൽ വലിയ കുറവുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.20/21.12.2022 ന് താഴെപ്പറയും പ്രകാരം പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ചെങ്ങമനാട് താലൂക്കിൽ ബ്ലോക്ക് 8ൽ സർവ്വേ നമ്പർ 11/16, 11/17 ൽപ്പെട്ട 14.80 ആർ സ്ഥലം ഭൂമി തരം മാറ്റി ശ്രീ.കുഞ്ഞുമുഹമ്മദ്, തച്ചവള്ളത്ത് വീട്, പറമ്പയം, പുതുവാശ്ശേരി കര എന്നയാൾക്കാണ് 13.11.2020 ലെ കെ1-1705/2020/k-dis നമ്പർ ഉത്തരവ് ബഹു.ഡിവിഷണൽ ഓഫീസർ, ഫോർട്ട്കൊച്ചി നൽകിയിട്ടുള്ളത്.എന്നാൽ തുടർന്ന് ടിയാൻ 1209/1/2021;26.04.2021 ആധാരം പ്രകാരം ശ്രീ.രജ്മൽഖാൻ.സി.ടി.പി, ഫ്ലാറ്റ് നമ്പർ 3 എഫ്, പുളിഞ്ചോട്, ആലുവ എന്നയാൾക്ക് ടി സ്ഥലം തീറാധാരം നൽകിയിട്ടുള്ളതാണ്. ശ്രീ.രജ്മൽ ഖാൻ നൽകിയ പെർമിറ്റ് അപേക്ഷയോടൊപ്പം ലാന്റ് തരം മാറ്റിയ ഉത്തരവ് ലഭിച്ചിരുന്നില്ല.05.07.2021 ലെ KL07040104970/2021 നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം വില്ലേജിൽ കരം തീർത്ത രസീതിൽ സ്വഭാവ വ്യതിയാനം വരുത്തിയ പുരയിടം എന്ന് രേഖപ്പെടുത്തിയതിനെ തുടർന്നാണ് പഞ്ചായത്തിൽ നിന്നും പെർമിറ്റ് അനുവദിച്ചത്. നിലവിൽ ബഹു.ആർ.ഡി.ഓ യുടെ ഉത്തരവ് ലഭ്യമായതിനാൽ കേരള പഞ്ചായത്ത് രാജ് ആക്ട് 235(X)പ്രകാരം നിലവിൽ കെട്ടിട നിർമ്മാണം നിർത്തിവെക്കുന്നതിനും ചട്ടപ്രകാരം അടവാക്കേണ്ട തുക 27,24,996/- രൂപ ട്രഷറിയിൽ പ്രസ്തുത ശീർഷകത്തിൽ അടവാക്കി നിശ്ചിത സമയത്തിനുള്ളിൽ രസീത് ഹാജരാക്കുന്നതിനും ശ്രീ.രജ്മൽഖാന് 22.12.2022 തിയതിയിൽ കത്ത് നൽകിയതായും അറിയിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടി നിരീക്ഷിക്കേണ്ടതും തുക സർക്കാരിലേയ്ക്ക് അടവാക്കുന്ന മുറയ്ക്ക് ചലാൻ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

1-18 ലൈസൻസ് ഈടാക്കുന്നതിൽ അപാകതകൾ

2021-22 സാമ്പത്തികവർഷത്തേക്കുള്ള ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

I. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31-10-2017 ലെ ജി. ഒ (പി) 80/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും മേൽ ഉത്തരവു പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ 2 ന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ഉത്പാദന, സേവന മേഖലകളിൽ മൂലധന നിക്ഷേപം 25 ലക്ഷം വരെ, 25 ലക്ഷം മുതൽ 1 കോടി വരെ, 1 കോടി മുതൽ 5 കോടി വരെ, 5 കോടിയ്ക്കു മുകളിൽ എന്നിങ്ങനെ സ്ഥാപനങ്ങളെ തരം തിരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്റർപ്രൈസസുകളാക്കി തിരിച്ച് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്.

A) വാർഡ് 11 ൽ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ആകെ 4 സ്ഥാപനങ്ങൾ മാത്രമാണ് പ്രവർത്തിക്കുന്നത്. എന്നാൽ ടി വാർഡിൽ 2019 മുതൽ പ്രവർത്തിക്കുന്ന 'ലുക്കാമോ റെസ്റ്റോ കഫേ' എന്ന റെസ്റ്റോറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുകയോ ലൈസൻസ് എടുത്തതായോ കാണുന്നില്ല. ലിസ്റ്റിൽ ഉൾപ്പെട്ട PLK Stores (11/33B), CM Stores (11/487) എന്നീ സ്ഥാപനങ്ങൾ തൻവർഷം ഫീസടച്ച് ലൈസൻസ് പുതുക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് കോവിഡ് വ്യാപനം രൂക്ഷമായതിനാൽ പഞ്ചായത്ത് പരിധിയിലെ പല സ്ഥാപനങ്ങളും പ്രവർത്തിച്ചിരുന്നില്ല എന്ന കാരണത്താലാണ് ലൈസൻസ് എടുക്കാതിരുന്നതെന്നും ലുക്കാമോ റെസ്റ്റോ കഫേ എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് അന്വേഷണം നടത്തി പിഴ ഉൾപ്പെടെയുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നതാണെന്നും പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി സ്ഥാപനത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് എടുപ്പിച്ച് രേഖ ഹാജരാക്കേണ്ടതാണ്.

B) ലൈസൻസ് ഫീ നിശ്ചയിക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളും മൂലധന നിക്ഷേപം കൃത്യമായി രേഖപ്പെടുത്തുന്നതായി കാണുന്നില്ല. ചില സ്ഥാപനങ്ങൾ അപേക്ഷയിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതായി കാണുന്നു. ഉദാഹരണമായി വാർഡ് 15 ൽ പ്രവർത്തിക്കുന്ന മല്ലൂസ് ദാബ ( 15/330), കടവ് റെസ്റ്റോറന്റ് (15/331) എന്നീ ഹോട്ടലുകളുടെ അപേക്ഷയിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ 300 രൂപ വീതം മാത്രമാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. ടി സ്ഥാപനങ്ങളിൽ നിന്ന് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

C) കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി കാണുന്ന ഏതാനും സ്ഥാപനങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|
| 1 | ശക്തി മെഡിക്കൽസ് | 4/266 | 200 |

| | | | |
|---|---|---|---|
| 2 | റോയൽ ബേക്കറി & ജനറൽ സ്റ്റോർ | 4/263 | 200 |
| 3 | പ്രീമിയർ ഇൻഡസ്ട്രീസ് | 16/246 | 200 |
| 4 | ബ്യൂട്ടികെയർ ബ്യൂട്ടിപാർലർ | 9/294 | 200 |
| 5 | കാർ കെയർ | 9/82A | 400 |
| 6 | ഹോട്ടൽ പത്മ | 16/274 | 200 |
| 7 | പാറമനക്കുടി ഫ്ലോർമിൽസ് | 12/365 | 200 |
| 8 | ശ്രീകൃഷ്ണ മിനി സൂപ്പർമാർക്കറ്റ് | 17/79 | 400 |
| 9 | Mr. Cook Restaurant | 6/414 | 200 |
| 10 | ലക്ഷ്മി കാറ്ററിംഗ് &ഡെക്കറേഷൻ | 9/39 | 400 |

കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീ ഈടാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 8 ന് ലഭ്യമാക്കിയ മറുപടിയിൽ 31.10.2017 ലെ പുതുക്കിയ ചട്ടപ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ഷെഡ്യൂൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത് കമ്മിറ്റിയിൽ അപേക്ഷ സമർപ്പിച്ചെങ്കിലും വ്യാപാരി വ്യവസായികളുടെ നിരന്തര പരാതി കണക്കിലെടുത്ത് കോവിഡ് വ്യാപനം രൂക്ഷമായതിനാൽ കച്ചവടം തീരെ കുറവായതിനാൽ നിലവിലെ സാഹചര്യത്തിൽ ലൈസൻസ് ഫീസ് വർദ്ധിപ്പിക്കുന്നത് വ്യാപാരികൾക്ക് ബുദ്ധിമുട്ടാകുന്നത് കണക്കിലെടുത്ത് ചെങ്ങമനാട് പഞ്ചായത്ത് കമ്മിറ്റിയുടെ 07.03.2022 ലെ 2(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം പഴയ നിരക്കിൽത്തന്നെ ലൈസൻസ് ഫീസ് ഈടാക്കുന്നതിന് തീരുമാനിച്ചു.വരും വർഷങ്ങളിൽ മൂലധന നിക്ഷേപം കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിച്ച് ആയത് ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ആയത് പാലിക്കേണ്ടതിലേയ്ക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

II. <u>സഞ്ചയ പ്രകാരമുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണവും ലൈസൻസ് അപേക്ഷയിലെ വിസ്തീർണ്ണവും തമ്മിൽ വ്യത്യാസം</u>

16/24 -ാം നമ്പർ കെട്ടിടത്തിൽ ഒരു ചായക്കട നടത്തുന്നതിന് ശ്രീ.വേണുഗോപാൽ, കിഴക്കേപ്പുറത്ത് എന്ന വ്യക്തിക്ക് 2021-22 ൽ ലൈസൻസ് അനുവദിച്ചിട്ടുണ്ട് (ലൈസൻസ് ഫീസ്-200 രൂപ).എന്നാൽ സഞ്ചയ പ്രകാരം ടി കെട്ടിടം 336ച.മീ താഴത്തെ നിലയും 72 ച.മീ ഒന്നാം നിലയും വിസ്തൃതിയുള്ള 100 ച.മീൽ അധികം വിസ്തൃതിയുള്ള ഗോഡൌൺ എന്ന ഇനത്തിലാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്. നിലവിൽ ഇതേ വിസ്തൃതിയുള്ള കെട്ടിടത്തിൽ തന്നെയാണോ ടി ചായക്കട പ്രവർത്തിക്കുന്നതെന്ന് ആരാഞ്ഞ് നൽകിയ എൻക്വയറി നം. 21/21.12.2022 ന് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിസ്തീർണ്ണം ടി കെട്ടിടത്തിന് ഇല്ലാത്തതാണെന്നും ആയതിന്മേൽ അന്വേഷണം നടത്തി കൃത്യത വരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സ്ഥലപരിശോധന നടത്തി കൃത്യമായ ഏരിയ നിർണ്ണയിക്കേണ്ടതും അതനുസരിച്ച് വസ്തു നികുതി പുനർ നിർണ്ണയിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

III. <u>വ്യാജരേഖ ചമച്ച് കെട്ടിട നമ്പർ ലഭ്യമാക്കി സ്ഥാപനം നടത്തുന്നു</u>

22.10.2017 ലെ 424/17-18 -ാം നമ്പർ ലൈസൻസ് പ്രകാരം ചെങ്ങമനാട് വില്ലേജിൽ ബ്ലോക്ക് നം.7 സർവ്വേ നം.353/6 ൽ 0.81 ആർ സ്ഥലത്തെ 16/24A നമ്പർ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന Career Guru Consultant എന്ന പേരിൽ ശ്രീ.ബിജു വാസുദേവൻ എന്ന വ്യക്തി നടത്തിയിരുന്ന സ്ഥാപനത്തിന് പഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയിരുന്നു. എന്നാൽ 16.03.2021 ൽ ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ ലഭിച്ചെങ്കിലും 10.08.2021 ലെ 42(1) -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റിയിൽ ടി കെട്ടിടം വ്യാജരേഖ ഹാജരാക്കി കെട്ടിട നമ്പർ സ്വീകരിച്ചത് സംബന്ധിച്ച പരാതി നിലനിൽക്കുന്നതിനാൽ ടി അപേക്ഷ നിരസിക്കുകയാണുണ്ടായത്. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 16/24A നമ്പറിലുള്ള ടി കെട്ടിടം വേണുഗോപാലൻ നായർ, കിഴക്കേപ്പുറത്ത്, ദേശം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും 8.5 ച.മീ വിസ്തീർണ്ണവുമുള്ള (താഴത്തെ നില) സ്വകാര്യ ആവശ്യത്തിനുള്ള ഓഫീസ് കെട്ടിടം എന്ന നിയമാനുസൃത കെട്ടിടഗണ ഇനത്തിൽപ്പെടുത്തി 2016 രണ്ടാം അർദ്ധവർഷം മുതൽ 510 രൂപ വാർഷിക വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി വരുന്നുമുണ്ട്. എന്നാൽ വ്യാജരേഖ ചമച്ച് പഞ്ചായത്തിനെ തെറ്റിദ്ധരിപ്പിച്ച് ടി കെട്ടിട നമ്പർ നേടിയെടുത്ത ഉടമസ്ഥനെതിരെ വിശദമായ അന്വേഷണം നടത്തുന്നതിന് പോലീസ് അധികാരികൾക്ക് 28.09.2021 ൽ പഞ്ചായത്ത് പരാതി നൽകിയതായും വിവരാവകാശ അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ പഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ ടി Education &Travel Consultancy സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ എന്നും ഇത് സംബന്ധിച്ച് കേസ് നിലവിലുണ്ടെങ്കിൽ ടി ഫയൽ ഓഡിറ്റിന് ഹാജരാക്കാനും ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല. ലഭ്യമാക്കിയ മറുപടിയിൽ വ്യാജരേഖ ചമച്ച് കെട്ടിട നമ്പർ നേടിയ കെട്ടിട ഉടമക്കെതിരെ (ശ്രീ.കെ.കെ.വേണുഗോപാലൻ, കിഴക്കേപ്പുറത്ത് വീട്, ദേശം) ബഹു.കേരള ഹൈക്കോടതിയുടെ പരിഗണനയിൽ കേസ് നിലനിൽക്കുന്നതിനാൽ കരിയർ ഗുരു എന്ന സ്ഥാപനത്തിന് ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള അപേക്ഷ നിരസിക്കുകയാണുണ്ടായത് എന്ന്

അറിയിച്ചിട്ടുണ്ട്. ടി കേസിന്റെ തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-19 മണ്ണ് ലേലം നടത്തിയതിൽ പഞ്ചായത്തിനു വൻ വരുമാനം നഷ്ടം

പി.എം.കെ.എസ്.വൈ പദ്ധതി പ്രകാരം കപ്രശ്ശേരി നീർത്തടത്തിൽ ഉൾപ്പെട്ട ചെങ്ങൾത്തോട് നവീകരണത്തിന്റെ ഭാഗമായി നീക്കം ചെയ്ത 10064.80 $M^3$ മണ്ണ് (വാല്യുവേഷൻ തുക – 22,48,656/-) ലേലം ചെയ്യുവാനായി 02.12.2021 തീയതിയിൽ നടന്ന പുനർ ലേലത്തിൽ വാല്യുവേഷൻ തുക കൂടുതലാണെന്ന കാരണത്താൽ ആരും തന്നെ ലേലത്തിൽ പങ്കെടുക്കാതെയിരിക്കുകയും, തുടർന്ന് ഹെല്ലി സിറിയക്ക്.എൻ, നടമേൽ, ചൊവ്വര എന്ന വ്യക്തി 23,00,234/- രൂപയ്ക്ക് ക്വട്ടേഷൻ രേഖപ്പെടുത്തി പഞ്ചായത്തിൽ സമർപ്പിക്കുകയും, 02.12.2021 തീയതിയിലെ രസീത് നമ്പർ 1210102342 പ്രകാരം 6,62,874/- രൂപയും, അതേ തീയതിയിലെ 1210102341 രസീത് പ്രകാരം ടിയാൻ 5 ലക്ഷം രൂപയും അടവാക്കിയിരുന്നു (ആകെ ആടവാക്കിയ തുക 11,62,874/- രൂപ). 14.12.2021 തീയതിയിലെ 11 നമ്പർ കമ്മിറ്റി തീരുമാനപ്രകാരം ടിയാൻ അടവാക്കിയ 50% തുക കിഴിച്ച് ബാക്കി തുക അടച്ച് നിയമാനുസൃതം കൊണ്ട് പോകുന്നതിന് ശ്രീ.ഹെല്ലി സിറിയക്ക്.എൻ, നടമേൽ എന്നയാൾക്ക് അനുമതി നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും, മണ്ണ് കൊണ്ട് പോകുന്നതിനുള്ള വാഹനം കടന്നു പോകുന്നതിന് വഴി സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള എസ്റ്റിമേറ്റ് എടുക്കുന്നതിന് എൽ.എസ്.ജി.ഡി അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയും തീരുമാനിച്ചിരുന്നു. 16.12.2021 തീയതിയിലെ സെക്രട്ടറിയുടെ JCB-528/2021 നമ്പർ കത്ത് പ്രകാരം മൈനിങ്ങ് & ജിയോളജി വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ നിയമാനുസൃത രേഖകൾ സമ്പാദിച്ച് മണ്ണിന്റെ അളവനുസരിച്ച് മേൽപ്രകാരമുള്ള നിരക്കിൽ ബാക്കി നിൽക്കുന്ന തുക പഞ്ചായത്ത് ഓഫീസിൽ അടച്ച് മണ്ണ് സ്ഥലത്തുനിന്നും നീക്കം ചെയ്ത് കൊണ്ട് പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന വിവരം അറിയച്ചതിനെ തുടർന്ന് 20.12.2021 തീയതിയിൽ ലേലത്തിൽ പറഞ്ഞിട്ടുള്ള 10064 $M^3$ മണ്ണ് തന്റെ സാന്നിദ്ധ്യത്തിൽ അളന്ന് ബോധ്യപ്പെടുത്തണം എന്നുമുള്ള 7 ആവശ്യങ്ങൾ ഉന്നയിച്ച് ലേലക്കാരനായ ഹെല്ലി സിറിയക്ക് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിരുന്നു. 01.04.2022 തീയതിയിലെ പഞ്ചായത്ത് സെക്രട്ടറിയുടെ കത്ത് നമ്പർ JCB-528/2021 പ്രകാരം 7 ദിവസത്തിനകം ലേലത്തുകയുടെ ബാക്കി അടവാക്കണമെന്ന് ലേലക്കാരനായ ശ്രീ.ഹെല്ലി സിറിയക്കിനെ അറിയിച്ചിരുന്നു. 05.04.2022 തീയതിയിൽ ടിയാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് പരാതി നൽകുകയും, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 20.04.2022 തീയതിയിലെ കത്ത് നമ്പർ ADP-EKM/339/2022-PA2 പ്രകാരം ലേലം കൊണ്ട വ്യക്തിയുടെ സാന്നിദ്ധ്യത്തിൽ മണ്ണിന്റെ അളവ് എടുത്ത് ടിയാനെ ബോദ്ധ്യപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ 07.06.2022 തീയതിയിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്ത് നമ്പർ 48/എ.ഇ/എൽ.എസ്.ജി.ഡി/2021-22 പ്രകാരം വീണ്ടും അളവെടുത്തതിൽ ലഭിച്ച മണ്ണിന്റെ ആളവ് 6280.04 $M^3$ ആണ്.

ലേലം നടത്തുന്നതിനു മുമ്പ് അളന്ന മണ്ണിന്റെ അളവിൽ നിന്നും വീണ്ടുമളന്നപ്പോൾ 3784.76 $M^3$ വ്യത്യാസം വരുവാനുണ്ടായ കാരണവും, ലേലക്കാരനായ ശ്രീ. ഹെല്ലി സിറിയക്ക് പഞ്ചായത്തുമായി ഒരു നിയമാനുസൃതമായ ലേല കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്നും, ടിയാനിൽ നിന്നും എത്ര തുക ലേലമിനത്തിൽ പഞ്ചായത്തിനു ലഭിച്ചിട്ടുണ്ട് എന്നുമുള്ള കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കമെന്നാവശ്യപ്പെട്ട് 22.12.2022 നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 22 ന് ലഭ്യമാക്കിയ മറുപടിയിൽ മണ്ണിന്റെ അളവ് കുറഞ്ഞതുമായ് ബന്ധപ്പെട്ട ലേലം കൊണ്ട വ്യക്തി ബഹു കേരള ഹൈക്കോടതിയിൽ WP(c) 26688/2022 ഫയൽ നമ്പറായി പഞ്ചായത്തിന് എതിരായി കേസ് നൽകുകയുണ്ടായി. പ്രസ്തുത കേസിൽ നിലവിലുള്ള വാല്യുവേഷൻ പ്രകാരമുള്ള 6280.04 $M^3$ മണ്ണ് താൻ ലേലം കൊണ്ടിട്ടുള്ള നിരക്കിൽ അനുവദിച്ച നൽകണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. കോടതി ഉത്തരവ് പ്രകാരം പഞ്ചായത്തിനോട് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുകയുണ്ടായി. തുടർന്ന് 19.11.2022 തീയിതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം നിവവിലുള്ള മണ്ണ് ലേല നിരക്ക് പ്രകാരം തുക അടപ്പിച്ച് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിലാണ് മണ്ണ് നിലവിൽ സൂക്ഷിച്ചിരിക്കുന്നത്. പ്രസ്തുത സ്ഥലങ്ങൾക്കടുത്ത് ഉപയോഗ ശൂന്യമായ തോടുകളും നെൽപ്പാടങ്ങളും സ്ഥിതി ചെയ്യുന്നതിനാൽ കനത്ത മഴയിൽ മണ്ണ് ഒഴുകി പോകുന്നതിന് സാധ്യത ഉള്ളതിനാലാണ് മണ്ണിന്റെ അളവിൽ കുറവ് വന്നിട്ടുള്ളത് എന്നും, ശ്രീ.ഹെല്ലി സിറിയക്ക് നാളിതുവരെ പഞ്ചായത്തുമായി നിയമാനുസൃത കരാറിൽ ഏർപ്പെട്ടിട്ടില്ല എന്നും അറിയിച്ചു. പഞ്ചായത്തുമായി കരാറിലേർപ്പെടുവാൻ ആവശ്യപ്പെട്ട് ടി വ്യക്തിയ്ക്ക് ആവർത്തിച്ച് കത്ത് നൽകിയിട്ടും കരാർ നിബന്ധനകളിൽ ഉൽപ്പെട്ടിട്ടുള്ള റോയൽറ്റി തുക അടവാക്കുന്നതിനോ, സ്വന്തം ഉത്തരവാദിത്വത്തിൽ വഴി സൗകര്യം ഏർപ്പെടുത്തി മണ്ണ് നീക്കം ചെയ്യുന്നതിനും ടിയാൻ തയ്യാറായിട്ടില്ലെന്നും, ലേലം ഇനത്തിൽ ജി.എസ്.ടി ഉൾപ്പെടെ 14,31,021/- രൂപ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

പ്രസ്തുത മറുപടി അംഗീകരിക്കാനാവില്ല. ലേലമുറപ്പിച്ച ശേഷം ലേലക്കാരനുമായി പഞ്ചായത്ത് ഒരു നിയമാനുസൃത കരാറിലേർപ്പെടെണ്ടതായിരുന്നു. നിയമാനുസൃത കരാറിന്റെ അഭാവത്തിൽ പഞ്ചായത്തിന് ടി ലേലം റദ്ദ് ചെയ്ത് പുനർലേലം നടത്താമായിരുന്നു. 02.12.2021 തീയതിയിൽ നടന്ന ലേലത്തിനു ശേഷം

07.06.2022 തീയതിയിൽ മണ്ണിന്റെ അളവ് വീണ്ടുമളന്നപ്പോൾ ലഭിച്ച 3784.76 $M^3$ എന്ന വലിയ വ്യത്യാസം വന്നത് ലേലനടപടികൾ പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് അധികൃതർ കൈക്കൊള്ളേണ്ടിയിരുന്ന നടപടികൾ യഥാസമയം നടത്താതിരുന്നത് മൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാരണത്താൽ പഞ്ചായത്തിനു ലേലമിനത്തിൽ ലഭിക്കേണ്ടിയിരുന്ന വലിയ വരുമാനം നഷ്ടപ്പെടുകയാണുണ്ടായത്. ഫയലുകൾ പരിശോധിച്ചതിൽ ഈ വിഷയത്തിൽ നിലവിൽ WP(c) 39967/2022 എന്ന മറ്റൊരു കേസ് കൂടി നിലനിൽക്കുന്നതായി കാണുന്നു. ആയതിനാൽ പ്രസ്തുത കേസിന്റെ വിവരങ്ങൾ ആയത് ലഭിക്കുന്ന മുറയ്ക്കും ലേലമിനത്തിൽ ലഭിക്കാനുള്ള ബാക്കി തുകയുടെ വിവരങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-20 ഓഡിറ്റ് ഇംപാക്റ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഓഡിറ്റ് എൻക്വയറികൾ മുഖേന സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയതിനെ തുടർന്ന് താഴെപ്പറയുന്ന തുകകൾ അടവാക്കുകയുണ്ടായി.

എ) മാന്വൽ രസീത് ബുക്ക് നം.4224 ലെ രസീത് നമ്പർ 83 പ്രകാരം 17.11.2021 തീയതിയിൽ 485/- രൂപ പിരിച്ചതിൽ അടവാക്കാനുണ്ടായിരുന്ന 70/- രൂപ 22.12.2022 തീയതിയിലെ രസീത് നമ്പർ 1220104132 പ്രകാരം അടവാക്കിയിട്ടുണ്ട്.

ബി) 2019-20 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി കുറവായി ഈടാക്കിയത് സംബന്ധിച്ച് 19.12.2022 ൽ 10 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തിരിച്ചടച്ച തുകകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| എൻക്വയറി നം / തീയതി | ഇനം | രസീത് നം./ തീയതി | തുക |
|---|---|---|---|
| 10/ 19.12.2022 | തൊഴിൽ നികുതി | 1220104060/ 21.12.2022 | 250 |
| 10/ 19.12.2022 | തൊഴിൽ നികുതി | 1220104025/ 20.12.2022 | 90 |
| 10/ 19.12.2022 | തൊഴിൽ നികുതി | 1220104026/ 20.12.2022 | 360 |
| 10/ 19.12.2022 | തൊഴിൽ നികുതി | 1220104095/ 21.12.2022 | 1200 |
| 10/ 19.12.2022 | തൊഴിൽ നികുതി | 1220104071/ 20.12.2022 | 1200 |
| ആകെ | | | 3100 |

### 1-21 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്- പദ്ധതി നിർവഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 64/21-22, എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി അടങ്കൽ | 272290- വികസനഫണ്ട്-എസ്.സി.പി |
| ചെലവഴിച്ച തുക | 272290 |
| ബിൽ നം | 4/25.08.21- 136145<br>6/21.10.21 - 136145 |

ഗ്രാമപഞ്ചായത്തിലെ എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്നതിനുള്ള പദ്ധതി പ്രകാരം 10 ലാപ് ടോപുകൾക്കുള്ള തുക മേൽ പറഞ്ഞ പ്രകാരം കെൽട്രോണിന് നൽകിയിട്ടുണ്ട്. കെൽട്രോണിൽ നിന്നും ബിൽ നം-4/25.08.21 പ്രകാരം നൽകിയ തുകയ്ക്കുള്ള 5 ലാപ്ടോപുകൾ 20.10.21 ന് ലഭിച്ചിട്ടുണ്ട്. എന്നാൽ ബിൽ നം- 6/21.10.21 പ്രകാരം നൽകിയ തുക ലാപ് ടോപ്പ് ലഭ്യമല്ലാത്തതിനാൽ കെൽട്രോൺ 28.3.22 ന് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് തിരികെ നൽകുകയും ചെയ്തു. പ്രസ്തുത തുകയിൽ നിന്നും 106350 രൂപ ചെലവഴിച്ച് 9/22 ൽ 3 ലാപ് ടോപ്പുകൾ ജെം മുഖേന വാങ്ങി നൽകുകയും ബാക്കി 29795 -സർക്കാരിലേക്ക് തിരികെ ഒടുക്കിയിട്ടുമുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ പറയുന്നു.

1. 2021-22 ൽ സുലേഖ ചെലവ് പത്രിക പ്രകാരം 272290 രൂപ ചെലവുണ്ട്. എന്നാൽ 136145 തിരികെ ലഭിച്ചതിനാൽ യഥാർത്ഥ ചെലവ് 136145 രൂപ മാത്രമാണ്.

2. 2022-23 ൽ 106350 രൂപ ചെലവഴിച്ചത് സ്പിൽ ഓവർ അംഗീകാരം വാങ്ങാതെ നോൺ പ്ലാൻ എക്സ്പെൻഡിച്ചർ എന്ന ഹെഡിൽ നിന്നുമാണ്. പദ്ധതിതുക 2021-22 ൽ പൂർണമായും ചെലവ് രേഖപ്പെടുത്തിയതിനാൽ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

3. 31.8.21 ലെ ഭരണസമിതി തീരുമാനപ്രകാരമാണ് 19 പേരുടെ ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചത്. 8/21 ൽ 5 ലാപ് ടോപ്പുകൾക്കുള്ള തുക മാത്രമാണ് കെൽട്രോണിന് നൽകിയത്. തൻവർഷത്തേക്ക് ആവശ്യമായ ആകെ ലാപ് ടോപ്പുകൾക്കുള്ള വർക്ക് ഓർഡറും തുകയും പ്രസ്തുത സമയത്ത് നൽകാതിരുന്നതിനാലാണ് പിന്നീട് ഉയർന്ന വിലയ്ക്ക് ലാപ്ടോപ് വാങ്ങേണ്ടി വന്നത്. ഒരു ലാപ്ടോപ്പിന് 27229/-രൂപ എന്ന നിരക്കിലാണ് ഐ.ടി.മിഷന് തുക നൽകിയത്. ജെം മുഖേന വാങ്ങിയപ്പോൾ ഒരു ലാപ്ടോപ്പിന് 35450/-രൂപ വീതം നൽകേണ്ടി വന്നു. അതിനാൽ തിരഞ്ഞെടുത്ത 10 ഗുണഭോക്താക്കളിൽ 8 പേർക്ക് മാത്രമേ നൽകാനും കഴിഞ്ഞുള്ളൂ. ഓഡിറ്റ് എൻക്വയറിക്ക് (നം.- 5/16.12.22) മറുപടിയായി ഗുണഭോക്താക്കൾ അർഹതാരേഖകൾ സമർപ്പിക്കാൻ വൈകിയതിനാലാണ് രണ്ട് തവണയായി പർച്ചേസ് ഓർഡർ നൽകേണ്ടിവന്നത് എന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതികളുടെ നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി പർച്ചേസ് നടത്തിയിരുന്നെങ്കിൽ ഉയർന്ന നിരക്ക് നൽകേണ്ട സാഹചര്യം ഒഴിവാക്കാമായിരുന്നു.

4. 28.3.22 ന് കെൽട്രോണിൽ നിന്നും തുക തിരികെ ലഭിച്ചെങ്കിലും 9/22 ൽ മാത്രമാണ് വീണ്ടും പർച്ചേസ് നടത്തിയത്. തുക തിരികെ ലഭിച്ചവിവരം 7/22 ൽ വാർഷികകണക്കുകൾ തയ്യാറാക്കുന്ന സമയത്താണ് ശ്രദ്ധിച്ചത് എന്നും പ്രസ്തുത തുക തിരിച്ചടച്ചാൽ പദ്ധതി ഫണ്ട് നഷ്ടമാവും എന്നതിനാലാണ് നോൺ പ്ലാൻ ചെലവുകളിൽ ഉൾപ്പെടുത്തി 3 ലാപ്ടോപ് വാങ്ങി ഗുണഭോക്താക്കൾക്ക് നൽകിയത് എന്നും നിർവഹണഉദ്യോഗസ്ഥയുടെ മറുപടിയിൽ പറയുന്നു.

പദ്ധതി ഫണ്ട് തിരികെ ലഭിച്ചത് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ വരവ് വെച്ച് അത് തുടർവർഷം പദ്ധതിയേതരചെലവായി വിനിയോഗിക്കുന്നത് ക്രമപ്രകാരമല്ല. തൻവർഷം ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് സർക്കാരിൽ നിന്നും പ്രത്യേക അനുമതി ലഭ്യമാക്കി വിനിയോഗിക്കുകയോ സർക്കാരിലേക്ക് തിരിച്ചടക്കുകയോ ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 പാലിയേറ്റീവ് കെയർ- മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രൊജക്റ്റ് നം 5/21-22 പാലിയേറ്റീവ് കെയർ

നിർവഹണം - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

| | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് | 750000 | 749975 |
| ബ്ലോക്ക് വിഹിതം | 300000 | 200000 |

സി.എച്ച്.സി. മെഡിക്കൽ ഓഫീസർ നടപ്പാക്കിയ 'പാലിയേറ്റീവ് പരിചരണം' എന്ന പ്രൊജക്റ്റ് പ്രകാരം പദ്ധതിഫണ്ടിൽ നിന്നും 15 ബില്ലുകൾ മുഖേന ഹോണറേറിയം, ഡ്രൈവറുടെ വേതനം, റിഫ്രഷ്മെന്റ് , മരുന്ന് വാങ്ങൽ എന്നിവയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ട്. ഇതിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്, താഴെ പറയുന്ന പ്രകാരം മരുന്നുകൾക്കായി മുൻകൂറായി തുക നൽകിയെങ്കിലും ഓഡിറ്റ് തിയതി വരെയും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

| ബിൽ നം | പ്രൊഫോർമ ഇൻവോയ്സ് | നൽകിയ തുക | ലഭിച്ച മരുന്നുകൾ | ബാലൻസ് |
|---|---|---|---|---|
| 30/24.3.22 | 6642 | 44875 | 40605 | 4270 |
| " | 6902 | 16044 | 14977 | 1067 |
| 1/27.5.21 | 6634 | 117000 | 2373 | 114627 |
| ആകെ | | | | 119964 |

മുൻകൂറായി തുക നൽകിയെങ്കിലും മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി എഗ്രിമെന്റ് വെച്ചതായി കാണുന്നില്ല. കോവിഡ് കാലയളവിൽ അടിയന്തിര ആവശ്യങ്ങൾക്കായാണ് മരുന്നുകൾക്കും ഉപകരണങ്ങൾക്കുമായി തുകനൽകിയിട്ടുള്ളത്. എന്നാൽ തുക അടവാക്കി ഒന്നര വർഷം കഴിഞ്ഞിട്ടും മരുന്ന് ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം. 9/18.12.22) യ്ക്ക് മറുപടി ലഭിച്ചില്ല.

തുടർനടപടികൾ സ്വീകരിച്ച് മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുക്കുന്നത് വരെ 119964 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-23 ആമ്പുലൻസ് ഡ്രൈവറുടെ വേതനം - പ്രതിമാസപരിധി പാലിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 78/21-22, |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| പ്രൊജക്റ്റ് | ആമ്പുലൻസിന്റെ തുടർചെലവ് |

| | |
|---|---|
| പദ്ധതി അടങ്കൽ | 500000 തനത് ഫണ്ട്- |
| ചെലവഴിച്ച തുക | 470172 |

ചെങ്ങമനാട് സി.എച്ച്.സി ക്ക് എം.എൽ.എ. ഫണ്ടിൽ നിന്നും നൽകിയ ആമ്പുലൻസിന്റെ തുടർചെലവ് ഗ്രാമപഞ്ചായത്തിൽ നിന്നുമാണ് വഹിക്കുന്നത്. ആമ്പുലൻസിന്റെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലാണ്. ആമ്പുലൻസിന്റെ തുടർചെലവിനായാണ് മേൽ പ്രൊജക്ട് രൂപീകരിച്ചിട്ടുള്ളത്.

പദ്ധതി പ്രകാരം വാഹനത്തിന്റെ അറ്റകുറ്റപണി, ഇന്ധനം, രസീതി പുസ്തകം അച്ചടി ,ഡ്രൈവറുടെ വേതനം എന്നിവയ്ക്കുള്ള തുക 14 ബില്ലുകൾ മുഖേന നൽകിയിട്ടുണ്ട്. 16.4.21 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(3) തീരുമാനപ്രകാരം ശ്രീ. ബിജു പി.പി. എന്ന വ്യക്തിയെ ദിവസവേതന ഡ്രൈവറായി നിയമിച്ചിട്ടുണ്ട്. ഡ്രൈവർക്ക് സർക്കാർ ഉത്തരവ് നം -G.O(p)29/21/fin Dated 11.2.21 പ്രകാരമുള്ള 730 രൂപ നിരക്കിൽ ദിവസവേതനം നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം പ്രതിമാസം അനുവദിക്കാവുന്ന പരമാവധി വേതനം 19710/- രൂപയാണ്. എന്നാൽ 5/21, മുതൽ 1/22 വരെയുള്ള മാസങ്ങളിൽ ഡ്രൈവർക്ക് താഴെ പറയും പ്രകാരം അധികനിരക്കിൽ വേതനം നൽകിയിട്ടുണ്ട്.

| ബിൽ നം | ഡ്രൈവർക്ക് നൽകിയ വേതനം | കുറിപ്പ് |
|---|---|---|
| 4/17.6.21 | 22630 | 5/21 ലെ 31 ദിവസത്തെ വേതനം |
| 7/11/8.21 | 21900 | 6/21 ലെ 30 ദിവസത്തെ വേതനം |
| 9/13.8.21 | 22630 | 7/21 ലെ 31ദിവസത്തെ വേതനം |
| 11/5.10.21 | 22630 | 8/21 ലെ 31 ദിവസത്തെ വേതനം |
| 14/21.10.21 | 21900 | 9/21 ലെ 30 ദിവസത്തെ വേതനം |
| 16/11.11.21 | 21900 | 10/21 ലെ 30 ദിവസത്തെ വേതനം |
| 25/14.2.22 | 20440 | 1/22 ലെ 28 ദിവസത്തെ വേതനം |

ഓഡിറ്റ് എൻക്വയറി - 9/18.12.22 ന് മറുപടിയായി കോവിഡ് കാലമായതിനാലാണ് പ്രതിമാസപരിധിയിൽ ലിമിറ്റ് ചെയ്യാതെ എല്ലാ ദിവസവും വേതനം നൽകിയത് എന്നും നിലവിൽ 19710/- രൂപയിൽ കൂടുതൽ നൽകുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം ഒരു മാസം മുഴുവൻ ജോലി ചെയ്താലും പ്രതിമാസ പരിധിയിൽ ലിമിറ്റ് ചെയ്ത് മാത്രമാണ് വേതനം നൽകാവുന്നത്.
ഭാവിയിൽ ദിവസവേതനജീവനക്കാരുടെ നിയമനം, വേതനം എന്നിവ സംബന്ധിച്ച സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിച്ച് മാത്രം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-24 ആമ്പുലൻസ് വരവ് ഗ്രാമപഞ്ചായത്തിൽ ഒടുക്കിയില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഉടമസ്ഥതയിലുള്ള KL 41 R 4871 നമ്പർ ആമ്പുലൻസിന്റെ ചെലവുകളും ഡ്രൈവറുടെ വേതനവും തനത് ഫണ്ടിൽ നിന്നുമാണ് നൽകുന്നത്. സി.എച്ച്.സി മെഡിക്കൽ ഓഫീസർക്കാണ് ആമ്പുലൻസിന്റെ നടത്തിപ്പ് ചുമതല നൽകിയിട്ടുള്ളത്. പഞ്ചായത്ത് കമ്മിറ്റിയുടെ 17.1.22 തിയതിയിലെ 30(1) തീരുമാനപ്രകാരം ആമ്പുലൻസിന്റെ വാടകയായി കി.മീറ്ററിന് 7.50 രൂപ നിരക്കിൽ (മിനിമം 250/- രൂപ ) ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയതി വരെയും വാടകയിനത്തിൽ തുകയൊന്നും പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/18.12.22) മറുപടിയായി ആമ്പുലൻസ് ഡ്രൈവർക്ക് രസീതി ബുക്ക് നൽകിയിട്ടുണ്ടെന്നും വരവ് പഞ്ചായത്തിൽ ഒടുക്കാൻ നിർദേശം നൽകിയിരുന്നു എന്നും മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. എന്നാൽ 2/22 മുതൽ 12/22 വരെയും വാടകയിനത്തിൽ ലഭിച്ച തുകകളൊന്നും ആമ്പുലൻസ് ഡ്രൈവർ ഒടുക്കിയിട്ടില്ല. ആമ്പുലൻസിന്റെ ലോഗ് ബുക്ക്, രസീതി പുസ്തകങ്ങൾ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ വരവ് തുക ഒടുക്കിയിട്ടുണ്ടോ എന്ന് അറിയിക്കുവാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ എൻക്വയറി 28/23.12.22 യെ തുടർന്ന് രസീതി - 1220104155 /23.12.22 പ്രകാരം 26225 രൂപ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയതായി സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. (ഇത് ഒടുക്കിയത് ഓഡിറ്റ് നടക്കുന്ന അവസരത്തിലാണ് എന്നത് ശ്രദ്ധേയമാണ്) ഫെബ്രുവരി 2022 മുതലുള്ള രസീതി, ലോഗ് പുസ്തകം എന്നിവ പരിശോധിച്ച് ആമ്പുലൻസിന്റെ വരവ് പൂർണ്ണമായും ഒടുക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വാടകയായി രസീതി മുഖേന പിരിക്കുന്ന തുകകൾ അന്ന്

തന്നെയോ അടുത്ത പ്രവൃത്തിദിവസമോ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതായിരുന്നു. ഇത്തരത്തിൽ തുക അടവാക്കാത്തത് പണാപഹരണത്തിന് തുല്യമായ ക്രമക്കേടാണ്. എന്നിട്ടും ടിയാൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടില്ല.

ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്തുവരുന്ന ഡ്രൈവർ 10 മാസത്തിലധികമായി വരവ് തുക ഒടുക്കാതിരുന്നിട്ടും നടപടി സ്വീകരിക്കാതിരുന്നത് ആഭ്യന്തരനിയന്ത്രണസംവിധാനത്തിന്റെ കാര്യക്ഷമത ഇല്ലായ്മയെ സൂചിപ്പിക്കുന്നു. ആമ്പുലൻസിന്റെ ചുമതലയുള്ള മെഡിക്കൽ ഓഫീസറും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും വരവ് തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാതിരുന്നിട്ടും പരിശോധിക്കുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ അവരുടെ ചുമതല നിർവഹിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് മാത്രമാണ് തുക അടപ്പിച്ചിട്ടുള്ളത്.

ആമ്പുലൻസിന്റെ ഉപയോഗം കൃത്യമായി മോണിറ്റർ ചെയ്യേണ്ടതും വരവ് തുകകൾ അടുത്ത പ്രവൃത്തിദിവസങ്ങളിൽ തന്നെ ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-25 ജില്ല വെബ് പോർട്ടൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ താഴെ പറയുന്ന സംയുക്തപദ്ധതിക്കായി സെക്രട്ടറി, ജില്ലാപഞ്ചായത്തിന് പ്ലാൻഫണ്ട് തുക കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിച്ചതിന്റെയും തുക വിനിയോഗിച്ചതിന്റയും രേഖകൾ / സാക്ഷ്യപത്രം ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ നം |
|---|---|---|---|
| ജില്ല വെബ് പോർട്ടൽ -77/22 | 12500 | 12500 | 207/21.1.22 |

ഓഡിറ്റ് എൻക്വയറി - 9/18.12.22 ന് മറുപടിയായി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ 12500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 തുല്യതാ പഠനം-രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പദ്ധതി | പത്താം തരം തുല്യതാ പഠനം- 75/22 |
| അടങ്കൽ | 100000/- രൂപ ( തനത് ഫണ്ട്-) |
| നിർവഹണം | ഹെഡ് മിസ്ട്രസ് |
| ചെലവ് വിവരം | 24050/- രൂപ<br>5070007302210002/25.03.22- |

പത്താം തരം തുല്യതാ പരീക്ഷക്ക് 13 പേർക്ക് രജിസ്ട്രേഷൻ ഫീസ് 1850/- രൂപാ നിരക്കിൽ ആകെ 24050/- രൂപ സംസ്ഥാന സാക്ഷരതാ മിഷന് ഒടുക്കിയിട്ടുണ്ട്. പഠിതാക്കളുടെ അപേക്ഷകൾ, രജിസ്ട്രേഷൻ, പരീക്ഷ എഴുതിയതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. 2020-21 വർഷത്തേക്ക് രജിസ്ട്രേഷൻ നടത്തിയ 15 ാമത് ബാച്ചിനുള്ള തുകയാണ് നൽകിയിട്ടുള്ളത്. ഇവർക്കായി 2020-21 ലും തുക ഒടുക്കിയിട്ടുണ്ടോ എന്നും വ്യക്തമല്ല.

B)

| | |
|---|---|
| പദ്ധതി | 12-ാം തരം തുല്യതാ പഠനം- 76/22 |
| അടങ്കൽ | 100000/- രൂപ ( തനത് ഫണ്ട്-) |
| നിർവഹണം | ഹെഡ് മിസ്ട്രസ് |
| ചെലവ് വിവരം | 67300/- രൂപ<br>5070007302210001/25.03.22- 19800<br>5070007302210003/25.03.22- 47500 |

12-ാം തരം തുല്യത പഠിതാക്കൾക്കുള്ള ഫീസിനത്തിൽ മേൽപറഞ്ഞ പ്രകാരം ആകെ 67300 രൂപ സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. 2019- 21 വർഷത്തെ 5-ാം ബാച്ചിലെ 9 പേർക്ക് 2200 രൂപ നിരക്കിൽ കോഴ്സ് ഫീയും 2021-23 വർഷത്തെ 6-ാം ബാച്ചിലെ 19 പേർക്ക് 2500 രൂപ നിരക്കിലും (2200 രൂപ കോഴ്സ് ഫീയും 200 രൂപ അഡ്മിഷൻ ഫീയും 100 രൂപ രജിസ്ട്രേഷൻ ഫീസും) തുക നൽകിയിട്ടുണ്ട്.

പഠിതാക്കളുടെ അപേക്ഷകൾ, രജിസ്ട്രേഷൻ, പരീക്ഷ എഴുതിയതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. 2020-21 വർഷത്തേക്ക് രജിസ്ട്രേഷൻ നടത്തിയ 15-ാമത് ബാച്ചിനുള്ള തുകയാണ് നൽകിയിട്ടുള്ളത്. ഇവർക്കായി 2020-21 ലും തുക ഒടുക്കിയിട്ടുണ്ടോ എന്നും അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് 11/19.12.22 - മറുപടി ലഭിച്ചില്ല.

രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 24050 + 67300 = 91350/- രൂപ തടസ്സപ്പെടുത്തുന്നു.

1-27 ഐ.ടി.മിഷനിൽ നിന്നും കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 223/21-22, |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രൊജക്റ്റ് | ദേശം ഗവ. സ്കൂളിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, ഫർണീച്ചർ വാങ്ങൽ |
| പദ്ധതി അടങ്കൽ | 124000<br>മെയിന്റനൻസ് ഫണ്ട്- |
| ചെലവഴിച്ച തുക | 91760 |
| | 21110452022701459529/25.3.2022 - 51963/-<br>21110452022701459505/25.3.22 -39797/- |

പദ്ധതി പ്രകാരം 51963/-രൂപ ഫർണീച്ചർ വാങ്ങുന്നതിന് ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ഡെസ്ക്ടോപ് കമ്പ്യൂട്ടറിനായി 39797 രൂപ ഐ.ടി.മിഷന് നൽകിയിട്ടുണ്ട്. കമ്പ്യൂട്ടർ ലഭ്യമായതിന്റെ രേഖകൾ (ടാക്സ് ഇൻവോയ്സ്, ഡെലിവറി ചലാൻ, സ്റ്റോക് രജിസ്റ്റർ) ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി - 11/19.12.22 ന് മറുപടി ലഭ്യമായില്ല. കമ്പ്യൂട്ടർ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കുന്നതുവരെ കെൽട്രോണിന് മുൻകൂർ നൽകിയ തുകയായ 39,797/- രൂപ തടസ്സപ്പെടുത്തുന്നു.

1-28 മത്സ്യകൃഷി -അധികനിരക്കിൽ സബ് സിഡി നൽകി

| | |
|---|---|
| പദ്ധതി | വീട്ടുവളപ്പിലെ കുളത്തിൽ മത്സ്യകൃഷി- 112/22 |
| അടങ്കൽ | 164000/- രൂപ ( തനത് ഫണ്ട്-) |
| നിർവഹണം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| ചെലവ് വിവരം | 43200/- രൂപ<br>21110452022801494394/27.03.22- |

പദ്ധതി പ്രകാരം ശ്രീ.ഫ്രാൻസിസ് ടി.കെ എന്ന ഗുണഭോക്താവിന് 30400 രൂപയും ശ്രീ.ജോജോ.ഇ.എം. എന്ന ഗുണഭോക്താവിന് 12800 രൂപയും സബ്സിഡി നൽകിയിട്ടുണ്ട്. വീട്ടുവളപ്പിലെ കുളത്തിൽ മത്സ്യ കൃഷി ചെയ്യുന്നതിന് പദ്ധതി മാർഗരേഖ പ്രകാരം അനുവദനീയമായ പരമാവധി യൂണിറ്റ് കോസ്റ്റ് 123000 രൂപയാണ് . ഇതിന്റെ 40 % മാണ് ഫിഷറീസ് വകുപ്പും പഞ്ചായത്തും ചേർന്ന് നൽകേണ്ട സബ്സിഡി. 40%സബ്സിഡിയിൽ 2/3 വിഹിതമാണ്(32800) ഗ്രാമപഞ്ചായത്തിന് അനുവദിക്കാവുന്നത്.

പദ്ധതിയുടെ ഫയലിലെ സ്റ്റേറ്റ്മെന്റ്/പ്രോസീഡിംഗ്സ് പ്രകാരം താഴെ പറയും വിധമാണ് സബ്സിഡി നൽകിയിട്ടുള്ളത്.

| | ഗുണഭോക്താക്കൾ സമർപ്പിച്ച ബില്ലുകൾ പ്രകാരം യൂണിറ്റ് ചെലവ് | ചെലവിന്റെ 40% | അനുവദിച്ച സബ്സിഡി |
|---|---|---|---|
| ശ്രീ.ഫ്രാൻസിസ് ടി.കെ | 78200 | 31280 | 30400 |
| ശ്രീ.ജോജോ.ഇ.എം | 34500 | 13800 | 12800 |

ചെലവിന്റെ 40% തുകയുടെ 2/3 ൽ കൂടുതൽ സബ്സിഡിയായി ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ചുകാണുന്നു. ഫിഷറീസ് വകുപ്പിൽ നിന്നും സബ്സിഡി അനുവദിച്ചതിന്റെ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടുമില്ല. എന്നാൽ മേൽപ്പറഞ്ഞ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താത്ത പർച്ചേസ് ബില്ലുകൾ (ഉദാ : ശ്രീ. ജോജോ സമർപ്പിച്ച താഴെ പറയുന്ന ബില്ലുകൾ
1) Fish Feed – 19800/- Dtd 26.03.2022
2) വരാൽ കുഞ്ഞുങ്ങൽ – 10000/- Dtd 23.03.2022
3) സാൻജോ ഇലക്ട്രിക്കൽ – 15410/- Dtd 23.03.2022) ഫയലിൽ സൂക്ഷിച്ചിട്ടുമുണ്ട്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി- 14/19.12.22 ന് മറുപടി ലഭിച്ചില്ല. രേഖകളുടേയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുകയായ 43200/- രൂപ തടസ്സപ്പെടുത്തുന്നു.

1-29 ഐ.കെ.എം. വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| പ്രൊജക്ട് | ഫണ്ട് | അടങ്കൽ | ചെലവ് | ബിൽ നം |
|---|---|---|---|---|
| IKM വിഹിതം -1/22 | പ്ലാൻ -ജനറൽ | 70782 | 70782 | 8/5.8.21 |

IKM ന് പ്രവർത്തനചെലവിനുള്ള വിഹിതമായി സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതി പ്രകാരം 70782/- രൂപ നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഐ.കെ.എമ്മിൽ നിന്ന് ലഭ്യമാകുന്നത് വരെ 70782/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-30 തെരുവ് വിളക്ക് എ.എം.സി - അപാകതകൾ

| | |
|---|---|
| പദ്ധതി | തെരുവ് വിളക്ക് എ.എം.സി - 213/22 |
| അടങ്കൽ | 1200000/- രൂപ ( തനത് ഫണ്ട്-) |
| നിർവഹണം | സെക്രട്ടറി |
| ചെലവ് വിവരം | 1200000/- രൂപ<br>5070007201210043/29.09.21- 406080<br>5070007201210058/20.1.22- 404870<br>5070007201210073/26.3.22 - 389050 |

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എ.എം.സിക്കായി ഇടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.രമേഷ് രഘു എന്ന വ്യക്തിയുമായി 3/20.1.21 പ്രകാരം കരാർ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

കരാർ പ്രകാരം 20.1.21 മുതൽ 19.1.22 വരെയുള്ള കാലയളവിൽ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി 4 ഗഡുക്കളായി തുക അനുവദിക്കുന്നതാണ്. 3 ഗഡുക്കളായി 12 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ചെലവ് പത്രിക പ്രകാരം 389050/- രൂപ മാത്രമാണ് ചെലവ്.

ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം തെരുവ് വിളക്കുകളുടേയും എണ്ണം ടെണ്ടറിൽ വ്യക്തമാക്കിയിട്ടില്ല. തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരങ്ങളും ഇൻസ്റ്റലേഷൻ വിവരങ്ങളും ഉൾപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അതിനാൽ വാറന്റി കാലയളവിലുള്ള വിളക്കുകൾ കരാറിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ല.

കരാർ വ്യവസ്ഥ 6 പ്രകാരം ഒരിക്കൽ റിപ്പയർ ചെയ്ത വിളക്കുകൾ കരാർ കാലാവധിയ്ക്കകം വീണ്ടും റിപ്പയർ ചെയ്യാൻ തുക നൽകാവുന്നതല്ല. 20.1.21- 21.5.21, 22.5.21- 22.9.21, 22.9.21- -22.1.22 എന്നീ മൂന്ന് കാലയളവുകളിൽ റിപ്പയർ ചെയ്തതിന്റെ ബില്ല് പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. കരാറുകാരൻ നൽകിയ ലിസ്റ്റ് പ്രകാരം ഒരേ പോസ്റ്റ് നമ്പറുകൾ മൂന്ന് ലിസ്റ്റുകളിലും ആവർത്തിക്കുന്നതായി കാണുന്നു.

ഉദാ.

വാർഡ് 1 ലെ സീരിയൽ നം - 3 , 4 എന്നിവയിലെ പോസ്റ്റ് നമ്പറുകൾ 22.5.21- 22.9.21 & 22.9.21- -22.1.22 കാലയളവിൽ ആവർത്തിച്ചിട്ടുണ്ട്.

തെരുവ് വിളക്ക് രജിസ്റ്റർ പ്രകാരം താഴെ പറയും പ്രകാരമുള്ള വിളക്കുകളാണ് നിലവിലുള്ളത് .

| | |
|---|---|
| ഡബിൾ ട്യൂബ് | 995 |
| സിംഗിൾ ട്യൂബ് | 118 |
| സി.എഫ്.എൽ | 3 |
| എൽ.ഇ.ഡി | 281 |

കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് പ്രകാരം മേൽ പറഞ്ഞ എല്ലാ വിളക്കുകളും റിപ്പയർ ചെയ്താൽ നൽകേണ്ട തുക താഴെ പറയുന്നു.

| | എണ്ണം, നിരക്ക് | |
|---|---|---|
| ഡബിൾ ട്യൂബ് | 995 X480 | 477600 |
| സിംഗിൾ ട്യൂബ് | 118 X 380 | 44840 |
| സി.എഫ്.എൽ | 3 X 125 | 375 |
| എൽ.ഇ.ഡി | 281x390 | 109590 |
| | | 632405 |

എന്നാൽ കരാറുകാരൻ നൽകിയ ബിൽ പ്രകാരം 12 ലക്ഷം രൂപയാണ് നൽകിയിട്ടുള്ളത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.15/19.12.22) കരാറുകാരൻ നൽകിയ ബിൽ ആകെ 12,13,075/-

രൂപയായിരുന്നുവെങ്കിലും 12 ലക്ഷം രൂപയിൽ ലിമിറ്റ് ചെയ്താണ് നൽകിയത് എന്നാണ് മറുപടി നൽകിയത്.

ഓഡിറ്റ് നിർദേശങ്ങൾ

- തെരുവ് വിളക്കുകളുടെ എണ്ണം കൃത്യമായി നിർണയിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.
- കരാറുകാരൻ നൽകുന്ന ബില്ലിലെ പോസ്റ്റ് നമ്പരുകൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തിയശേഷം മാത്രം തുക അനുവദിക്കേണ്ടതാണ്.
- നിലവിൽ പ്രതിമാസം 299380/- രൂപ വീതം വൈദ്യുതി ചാർജ് ഒടുക്കുന്നുണ്ട്. മീറ്ററിംഗ് സംവിധാനം നിലിവിലില്ലാത്തതിനാൽ വൈദ്യുതി ബോർഡിന്റെ താരിഫ് പ്രകാരമുള്ള തുകയാണ് ഒടുക്കുന്നത്. ഇതിനാൽ യഥാർത്ഥ ഉപഭോഗത്തേക്കാൾ കൂടുതൽ വൈദ്യുതിക്കുള്ള ചാർജ് ഒടുക്കേണ്ടിവരുന്നു. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-31 വി.ഇ.ഓ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ അപാകതകൾ -രേഖകളുടെ അഭാവത്തിൽ ചെലവ് തുക 13,55,,602/- രൂപ തടസ്സപ്പെടുത്തുന്നു

2021-22 സാമ്പത്തികവർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ 4 പ്രോജക്ടുകളിലെ അപാകതകൾ താഴെപ്പറയുന്നു.

I] എം.സി.എഫ് -രേഖകൾ ഹാജരാക്കിയില്ല – ചെലവ് തുക 306092 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം./ പേര് | 120, മെറ്റീരിയൽ കളക്ഷൻ സെന്റർ – വാടക നൽകൽ, ഭൌതിക സാഹചര്യങ്ങൾ ഒരുക്കൽ, ഉപകരണങ്ങൾ വാങ്ങൽ |
| ഫണ്ട്, അടങ്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ്, (5,00,000/- രൂപ) |
| ചെലവ് | 3,06,092/- രൂപ |
| ബിൽ തുക , തിയതി | 1) 2,60852/- രൂപ (20.01.2022)<br>2) 8,600/-രൂപ (11.11.2021)<br>3) 36,640/- രൂപ (23.09.2021) |

1) പട്ടികയിലെ ക്രമ നം.2 പ്രകാരം Aluva Scales Inc എന്ന സ്ഥാപനത്തിന് 8,600/- രൂപ നൽകിയതായി കാണുന്നു. എന്നാൽ എന്ത് സാധനമാണ് വാങ്ങിയതെന്നോ ആയതിന്റെ ഇൻവോയ്സോ ലഭ്യമാക്കിയിട്ടില്ല.

2) ക്രമ നം. 3 പ്രകാരം Picker Bird എന്ന സ്ഥാപനത്തിന് 36,640/- രൂപ ഹരിതകർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് നൽകിയിട്ടുണ്ട്. എന്നാൽ ഇതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ, ബിൽ പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല.

3) ടി പ്രോജക്ടിന്റെ പ്രോജക്ട് രൂപീകരണ ഫോം, പി.എഫ്.എം.എസ്. മുഖേന തുക പാസ്സായി അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ആയതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.
രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 3,06,092/- രൂപ തടസ്സപ്പെടുത്തുന്നു.

II]മാലിന്യ സംസ്കരണം – കരാറുകാരന്റെ അക്കൗണ്ടിലേക്ക് തുക കൈമാറിയതിൽ വ്യക്തതയില്ല – 49510/- രൂപ തടസ്സം

| | |
|---|---|
| പ്രോജക്ട് നം./ പേര് | 119, വി.ജി.എഫ് |
| ഫണ്ട്, അടങ്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ്, (417150 രൂപ) |
| ചെലവ് | 49,510/-രൂപ |
| ബിൽ തുക , തിയതി | 1) 25,785/- രൂപ (27.01.2022)<br>2) 3,100/-രൂപ (29.12.2021)<br>3) 20,625/- രൂപ (11.11.2021) |

1)പ്രോജക്ട് രൂപീകരണ ഫോം , PFMS മുഖേന തുക പാസ്സായതിന്റെ രേഖ എന്നിവ ഹാജരാക്കിയില്ല.

2)ലത്തീഫ്.കെ.കെ. എന്ന കരാറുകാരന് ഹരിതകർമ്മസേന വഴിയുള്ള Waste Collection ന് KL-07-BM-8857 എന്ന വാഹനത്തിൽ 20.09.2021 മുതൽ 17.12.2021 വരെയുള്ള ദിവസങ്ങളിൽ വേസ്റ്റ് കൊണ്ടുപോയതിന് കി.മീ ന് 15/- രൂപ നിരക്കിൽ 25,875/- രൂപ വാഹന വാടക നൽകിയതായും 16.08.2021 മുതൽ 18.09.2021 വരെ വിവിധ വാർഡുകളിൽ നിന്ന് ദേശത്തുള്ള എം.സി.എഫ് ലേയ്ക്ക് മാലിന്യങ്ങൾ കൊണ്ടുപോയതിന് 20,625/- രൂപയും നൽകിയതായി കാണുന്നു. ട്രിപ് ഷീറ്റ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ടി കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖ ഹാജരാക്കിയിട്ടില്ല.

3) ശ്രീ.ലത്തീഫ്.കെ.കെ. യുടെ പാസ്ബുക്കിന്റെ കോപ്പി ഹാജരാക്കിയിട്ടുള്ളത് പ്രകാരം ടിയാന്റെ SBI അത്താണി ബ്രാഞ്ചിലെ അക്കൗണ്ട് നം. 67054479752 ആണ്. എന്നാൽ മേൽ തുകകൾ 67385395402 എന്ന എസ്.ബി.ഐ. അക്കൗണ്ടിലേക്കാണ് കൈമാറി കാണുന്നത്. ഇത് കരാറുകാരന്റെ അക്കൗണ്ട് നമ്പർ തന്നെയാണെന്നതിന് തെളിവ് ലഭ്യമാക്കിയില്ല. വ്യത്യാസത്തിന് കാരണം ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

മേൽ കാരണങ്ങളാൽ അസ്സൽ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 49,510/- രൂപ തടസ്സത്തിൽ വെക്കുന്നു.

III] എസ്.സി വിഭാഗത്തിന് വീട് പുനരുദ്ധാരണത്തിന് ധനസഹായം അനുവദിച്ചു - രേഖകൾ ഹാജരാക്കിയില്ല - ചെലവ് തടസ്സം-7,50,000/-രൂപ

| | |
|---|---|
| പ്രോജക്റ്റ് നം./ പേര് | 96, വീട് പുനരുദ്ധാരണം (എസ്.സി) |
| ഫണ്ട്, അടങ്കൽ | വികസന ഫണ്ട്- എസ്.സി.പി(13,50,000 രൂപ) |
| ചെലവ് | 11,25,000രൂപ |
| ബിൽ റെഫറൻസ് നമ്പർ,തുക , തിയതി | 1) 21110452013800966295 / 1,50,000രൂപ (18.01.2022)<br>2) 21110452013801251810 / 75,000രൂപ (05.03.2022)<br>3)21110452013800759101 / 3,00,000 രൂപ (08.12.2021)<br>4)21110452013800682967 / 2,25,000 രൂപ (19.11.2021)<br>5)21110452013800984636 / 1,50,000 രൂപ (20.01.2022)<br>6) 213/75,000/- രൂപ (29.01.2022)<br>7) 215/1,50,000/-രൂപ (04.02.2022)<br>ആകെ : 11,25,000/- രൂപ |

1)1125000/- രൂപ ആകെ ചെലവുണ്ട്. എന്നാൽ 9 ലക്ഷം രൂപയുടെ ചെലവ് വിവരങ്ങൾ മാത്രമാണ് ഓഡിറ്റിൽ ഹാജരാക്കിയിരിക്കുന്നത്. ബാക്കി 2,25,000/- രൂപയുടെ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.
2) തുകകൾ പാസ്സായതിന്റെ സാംഖ്യ UTR സ്റ്റേറ്റ്മെന്റ് ഹാജരാക്കേണ്ടതാണ്.

3) ക്രമ നം.1 ബിൽ പ്രകാരം ശ്രീമതി.തങ്ക കാളകുറുമ്പൻ എന്ന വ്യക്തിക്ക് 75,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ എൽ.എസ്.ജി.ഡി. എഞ്ചിനീയറുടെ വാല്യുവേഷൻ റിപ്പോർട്ട് ഇല്ലാതെയാണ് തുക അനുവദിച്ചിരിക്കുന്നത്.

4) ക്രമ നം.3 ബിൽ പ്രകാരം ജിസ്സിമോൾ.എം.എസ് എന്ന വ്യക്തിയുടെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് (A/c No:99980102159568, Federal Bank) 75,000/- രൂപ നൽകി കാണുന്നു.എന്നാൽ ടിയാരിയുടെ പേര് ഗുണഭോക്തൃ ലിസ്റ്റിൽ കാണുന്നില്ല. അപേക്ഷാഫോം പരിശോധിച്ചതിൽ ഷോബി.ടി.ജി, തോപ്പിൽപ്പറമ്പ് എന്നാണ് കാണുന്നത്. എന്നാൽ ടിയാന്റെ പേരും ഗുണഭോക്തൃലിസ്റ്റിൽ ഇല്ല. ടിയാന്റെ റേഷൻ കാർഡിലും ജിസ്സിമോൾ എന്ന വ്യക്തി ഉള്ളതായി കാണുന്നില്ല. ഹാജരാക്കിയ കരാറിൽ ആരും ഒപ്പുവെച്ചിട്ടുമില്ല.

5) ക്രമ നം.3 ബിൽ പ്രകാരം ശ്രീമതി.അമ്മിണി കൊച്ചയ്യപ്പൻ, അമ്പാട്ടുപള്ളം എന്ന വ്യക്തിക്ക് 75,000/- രൂപ നൽകി കാണുന്നു. സാംഖ്യബില്ലിൽ ടിയാരിയുടെ അക്കൗണ്ട് നം.583994247370 എന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ഇത് അവരുടെ ആധാർ നമ്പറാണ്. ഹാജരാക്കിയിരിക്കുന്ന Indian Bankന്റെ ബാങ്ക് പാസ്ബുക്കിൽ അക്കൗണ്ട് നമ്പർ വ്യക്തമല്ല. ഏത് അക്കൗണ്ടിലേക്കാണ് തുക കൈമാറിയതെന്ന് വ്യക്തമാക്കേണ്ടതാണ്. മാത്രമല്ല എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് തുക അനുവദിച്ചിരിക്കുന്നത്.

6) ക്രമ നം.3 ബിൽ പ്രകാരം ശ്രീമതി.അജിത സുബ്രഹ്മണ്യൻ എന്ന വ്യക്തിക്ക് എസ്റ്റിമേറ്റ്, വാല്യുവേഷൻ റിപ്പോർട്ട് എന്നിവയുടെ അഭാവത്തിലും കരാറിൽ സാക്ഷ്യപ്പെടുത്താതെയുമാണ് 75,000/- രൂപ ധനസഹായം അനുവദിച്ചിരിക്കുന്നത്.

7) ക്രമ നം.4 ബിൽ പ്രകാരം ഷൺമുഖൻ.കെ.കെ, കല്ലുകുട്ടത്തിൽ എന്നയാൾക്ക് 75000/- രൂപ നൽകിയിരിക്കുന്നത് എൽ.എസ്.ജി.ഡി വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെയാണ്.

8) ക്രമ നം.5 ബിൽ പ്രകാരം ശ്രീമതി.അംബിക മോഹനൻ, സ്നേഹലത.പി.ആർ എന്നിവർക്ക് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് 75,000/- രൂപ വീതം നൽകിയിരിക്കുന്നത്. സ്നേഹലത.പി.ആർ. എന്ന വ്യക്തിയുടെ പേര് ഗുണഭോക്തൃ ലിസ്റ്റിലും ഇല്ല.

മേൽ സൂചിപ്പിച്ച പ്രകാരം ഗുണഭോക്തൃ ലിസ്റ്റിലില്ലാത്ത വ്യക്തികൾക്കും വാല്യുവേഷൻ റിപ്പോർട്ട് ഹാജരാക്കാത്തവർക്കും ഉൾപ്പെടെ ധനസഹായം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതു വരെ ചെലവ് തുക 5,25,000/- രൂപയുടെയും ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 2,25,000/-രൂപയുടെയും കൂടി ആകെ 7,50,000/-രൂപ തടസ്സപ്പെടുത്തുന്നു.

IV]വീട് മെയിന്റനൻസ്-ജനറൽ- വാല്യുവേഷൻ റിപ്പോർട്ടിന്റെ അഭാവത്തിൽ ധനസഹായം അനുവദിച്ചു- 2,50,000/- രൂപ തടസ്സം

| | |
|---|---|
| പ്രോജക്ട് നം./ പേര് | 121, വീട് മെയിന്റനൻസ്-ജനറൽ |
| ഫണ്ട്, അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ് (18,00,000 രൂപ) |
| ചെലവ് | 15,30,800രൂപ |
| ബിൽ തുക , തിയതി | 1) 1,50,000 രൂപ -19.11.2021<br>2) 4,50,000 രൂപ – 23.12.2021<br>3) 5,00,000 രൂപ – 18.01.2022<br>4) 2,50,000 രൂപ -21.03.2022<br>5)1,00,000 രൂപ – 05.03.2022<br>6)50,000 രൂ - 18.03.2022<br>7) 30,800 രൂപ – 21.03.2022<br>ആകെ : 15,30,800 രൂപ |

1) പി.എഫ്.എം.എസ് മുഖേന തുക പാസ്സായതിന്റെ രേഖ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2) താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ വാല്യുവേഷൻ റിപ്പോർട്ടിന്റെ അഭാവത്തിലാണ് 50,000 രൂപ വീതം ധനസഹായം അനുവദിച്ചിരിക്കുന്നത്.

A)ത്രേസ്യാമ്മ, കുട്ടാല വീട് (വാർഡ് 9)

B) സുബൈദ നസീർ, ചേന്നോത്ത് (വാർഡ് 1)

C) ഒ.എ.കരീം

3)റുക്കിയ മാമു , ഗ്രേസി ഡൊമിനിക് എന്നീ ഗുണഭോക്താക്കളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ആകെ കോസ്റ്റ് 42,000 രൂപ മാത്രമാണ്. എന്നാൽ വാല്യുവേഷൻ അധികരിച്ച് 50,000 രൂപ വീതം നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

4) കൊച്ചുഖദീജ , ചെറുപറമ്പിൽ എന്ന വ്യക്തിയുടെ പേര് ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ല .(വാർഡ് 18). ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം നൽകിയതിന് കാരണം വിശദമാക്കേണ്ടതാണ്. അവശ്യരേഖകളുടെ അഭാവത്തിൽ മേൽ 5 പേർക്ക് നൽകിയ തുക 50,000X5 = 2,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

മേൽ പദ്ധതികളിലെ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/16.12.2022 ന് നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഓ, ദേശം മറുപടി ഹാജരാക്കിയിട്ടില്ലാത്തതാണ്.

## 1-32 ആർജിതാവധി സറണ്ടർ

വൗച്ചർ നം.22100178/2.6.21-

05.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾക്ക് പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ ഗ്രാമ പഞ്ചായത്തിലെ സ്ഥിരജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. താഴെക്കൊടുത്തിരിക്കുന്ന ജീവനക്കാർക്കാണ് ആർജിതാവധി സറണ്ടർ അനുവദിച്ചിരിക്കുന്നത്.

| ക്രമ നം. | പേര് | തസ്തിക | സറണ്ടർ തുക |
|---|---|---|---|
| 1 | ദീപ .കെ.സി | അസി.സെക്രട്ടറി | 59829 |
| 2 | അജേഷ് .പി.കെ | അക്കൗണ്ടന്റ് | 54390 |
| 3 | സീമ രാമചന്ദ്രൻ. | സീനിയർ ക്ലർക്ക് | 49395 |
| 4 | ശ്രീന ശ്രീധർ | സീനിയർ ക്ലർക്ക് | 49395 |
| 5 | ദിവ്യ | സീനിയർ ക്ലർക്ക് | 45843 |
| 6 | ജോഷി.പി.ജെ | ക്ലർക്ക് | 37518 |
| 7 | ഫസീല.എം. എ | ക്ലർക്ക് | 31053 |
| 8 | അനൂപ്.ടി.ജെ | ക്ലർക്ക് | 11820 |

| | | | |
|---|---|---|---|
| 9 | ശ്രീനാഥ്. | ക്ലർക്ക് | 6895 |
| | | | 346138 |

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നത് സംബന്ധിച്ച് ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾക്ക് പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടില്ല.

26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന പ്രകാരം കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 01.06.2021 മുതൽ 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചതിന്റെ കാരണം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (25/21.12.22) ഗ്രാമപഞ്ചായത്ത് ഓഫീസിലെ ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും തുക നൽകുന്നതിനാലും 6/21 ൽ പ്രത്യേക ഉത്തരവ് നിലവിലില്ലാത്തതിനാലുമാണ് 2021-22 സാമ്പത്തിക വർഷത്തിലെ ആർജ്ജിതാവധി സറണ്ടർ 2.6.21 ന് അനുവദിച്ചതെന്നാണ് മറുപടി നൽകിയിരിക്കുന്നത്. 26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന ഉത്തരവിന് 1.6.21 മുതൽ മുൻകാല പ്രാബല്യം ഉണ്ടെന്നതിനാൽ നിലവിൽ ആർജിതാവധി സറണ്ടർ അനുവദിച്ചവരുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സർക്കാരിൽ നിന്നും വ്യക്തത വരുത്തി ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്. അതുവരെ ചെലവ് തുകയായ 3,46,138/-രൂപ തടസ്സപ്പെടുത്തുന്നു.

### 1-33 ഓണറേറിയം- സാക്ഷരതാമിഷനിൽ നിന്നും തുക ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2 സാക്ഷരതാപ്രേരക്മാരുടെ ഓണറേറിയം നൽകുന്നതിനായി തനത്ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം | തുക | റിമാർക്സ് |
|---|---|---|
| 22100056/20.4.21 | 9200 | 2021ഫെബ്രുവരി മാസത്തെ ഓണറേറിയം |
| 22100057/20.4.21 | 8832 | 2021ഫെബ്രുവരി മാസത്തെ ഓണറേറിയം |
| 22100144/27.5.21 | 10000 | 2021 മാർച്ച് മാസത്തെ ഓണറേറിയം |
| 22100145/27.5.21 | 9600 | 2021 മാർച്ച് മാസത്തെ ഓണറേറിയം |

G.O(Rt) 626/21/LSGD/26.2.21 പ്രകാരം ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ഓണറേറിയം തനത് ഫണ്ടിൽ നിന്നും താൽക്കാലികമായി നൽകിയശേഷം സാക്ഷരതാമിഷനിൽ നിന്നും ചെലവ് തുക തിരികെ വാങ്ങേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിരുന്നു. ഗ്രാമപഞ്ചായത്തിന് തുക തിരികെ ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (25/21.12.22) തുക ലഭ്യമായിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. ഓണറേറിയം ഇനത്തിൽ നൽകിയ തുക സാക്ഷരതാമിഷനിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-34 വാഹന പരിപാലനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ(എം.എസ്) നം.170/2007/ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ധനകാര്യ വകുപ്പ് സർക്കുലർ നം. 41/2008/ധന തിയതി 2-8-2008 പ്രകാരവും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുമുണ്ട്. ജി.ഒ(പി)നം. 161/2006/ധന തിയതി 31-03-2006 പ്രകാരം സർക്കാർ വാഹനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുവാൻ വെഹിക്കിൾ ഹിസ്റ്ററി ബുക്ക്, വാഹനത്തിന്റെ റിപ്പയർ, സുരക്ഷ തുടങ്ങിയവയുടെ വിവരം രേഖപ്പെടുത്തുന്നതിനായി ഫോറങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് ഗ്രാമ പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന രേഖകളുടെ അടിസ്ഥാനത്തിൽ നടത്തിയ വിലയിരുത്തലിന്മേലുള്ള കണ്ടെത്തലുകൾ താഴെ ചേർക്കുന്നു. 2021-22 സാമ്പത്തിക വർഷത്തെ ലോഗ് ബുക്കുകൾ, രജിസ്റ്ററുകൾ, ചെലവ് രേഖകൾ എന്നിവ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

വാഹനം (രജിസ്ട്രേഷൻ നം.- KL- 41 G-9999)
കസ്റ്റോഡിയൻ ഓഫീസർ – സെക്രട്ടറി

- ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. ഇപ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
- ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകൾ

സൂക്ഷിക്കേണ്ടതാണ്.

1. ലോഗ് ബുക്ക്

2. ഇന്ധനത്തിനുള്ള ഓർഡർ ബുക്ക്

3. റിപ്പയർ രജിസ്റ്റർ

4. ഫ്യൂവൽ രജിസ്റ്റർ

ആയതിൽ ലോഗ് ബുക്ക് മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. മറ്റു രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല.

. ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

ഇന്ധനത്തിന്റെ ഉപയോഗക്ഷമത പരിശോധിക്കൽ

ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. ലോഗ് ബുക്ക് പ്രകാരം വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയതായും കാണുന്നില്ല

ഫ്യൂവൽ ടെസ്റ്റ് സമയബന്ധിതമായി നടത്താത്തതിനാൽ വാഹനത്തിന്റെ മൈലേജ്, ഇന്ധനത്തിന്റെ ഉപയോഗം എന്നിവ അറിയുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്.

ജി.ഒ(പി)നം. 161/2006/ധന തീയതി 31-03-2006 പ്രകാരം നിശ്ചയിച്ചിട്ടുള്ള മാതൃകയിൽ വാഹനത്തിന്റെ വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/22.12.22) രജിസ്റ്ററുകൾ സൂക്ഷിക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്.

സ.ഉ(എം.എസ്)നം. 170/2007/തസ്വഭവ തിയതി 30-06-2007 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചുകൊണ്ട് വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.

1-35 ഡ്രൈവറുടെ ദിവസവേതനം പ്രതിമാസപരിധിയിൽ ലിമിറ്റ് ചെയ്യേണ്ടതാണ്.

26.9.2015 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 4(1) തീരുമാനപ്രകാരം ശ്രീ. കെ.എൻ.സഹജൻ എന്ന വ്യക്തിയെ ദിവസവേതന ഡ്രൈവറായി നിയമിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് നം -G.O(p)29/21/fin തിയതി 11.2.21 പ്രകാരം ഡ്രൈവർക്ക് ദിവസവേതനമായി അനുവദിക്കാവുന്നത് 730 രൂപ നിരക്കിലാണ്. പ്രസ്തുത ഉത്തരവ് പ്രകാരം പ്രതിമാസം അനുവദിക്കാവുന്ന പരമാവധി വേതനം 19710 രൂപയാണ്. ഗ്രാമപഞ്ചായത്തിലെ ദിവസവേതന ഡ്രൈവർക്ക് വേതനം നൽകുമ്പോൾ പ്രതിമാസ പരിധിയിൽ പരിമിതപ്പെടുത്തിയതായി കാണുന്നില്ല

എന്നാൽ 2021-22 കാലയളവിൽ ഡ്രൈവർക്ക് താഴെ പറയും പ്രകാരം അധികനിരക്കിൽ വേതനം നൽകിയിട്ടുണ്ട്.

| വൗച്ചർ നം | ഡ്രൈവർക്ക് നൽകിയ വേതനം |
|---|---|
| 22100018/3.4.21 | 22630 |
| 22100119/3.5.21 | 21170 |
| 22100164/1.6.21 | 22630 |
| 22100246/1.7.21 | 21900 |
| 22100303/3.8.21 | 22630 |
| 22100415/1.9.21 | 21630 |
| 22100042/1.10.21 | 21900 |
| 22100130/1.11.21 | 22630 |
| 22100228/1.12.21 | 21900 |
| 22100348/1.1.22 | 21900 |
| 22100403/1.2.22 | 22630 |
| 22100539/2.3.22 | 20440 |

എല്ലാ ദിവസവും വാഹനം ഉപയോഗിച്ചിരുന്നോ എന്നും കസ്റ്റോഡിയൻ ഓഫീസറുടെ ഉത്തരവ്

അടിസ്ഥാനമാക്കിയാണോ വാഹനഉപയോഗം എന്നും വ്യക്തമല്ല. ലോഗ് ബുക്കിൽ കൃത്യമായ/ പൂർണ്ണമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി - 25/21.12.22 ന് മറുപടിയായി എല്ലാ ദിവസവും ഡ്രൈവർക്ക് ജോലി ചെയ്യേണ്ടിവന്നതിനാലാണ് പ്രതിമാസപരിധിയിൽ ലിമിറ്റ് ചെയ്യാതെ എല്ലാ ദിവസവും വേതനം നൽകിയത് എന്ന് അറിയിച്ചിട്ടുണ്ട്. അവധി ദിവസങ്ങളിൽ ജോലിചെയ്യേണ്ടിവരുന്ന സാഹചര്യങ്ങളിൽ പ്രസിഡന്റിന്റേയും കസ്റ്റോഡിയൻ ഓഫീസറുടേയും രേഖാമൂലമുള്ള നിർദേശം സഹിതം വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

തദ്ദേശസ്വയംഭരണ(ഇ പിഎ) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 2.2.22 ന് പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയ സ്പഷ്ടീകരണത്തിലും(നം .ഇപിഎ 2/50/21-തസ്വഭവ) സ.ഉ (പി) 81/2019/ധനം ഉത്തരവ് പാലിച്ച് ഗ്രാമപഞ്ചായത്തുകളിൽ ദിവസേവതനജീവനക്കാരെ 90 ദിവസം ഇടവേളകളിൽ മാറ്റി നിയമിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഡ്രൈവറുടെ നിയമനത്തിൽ മേൽ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല.

ദിവസേവതനജീവനക്കാരുടെ നിയമനം, വേതനം എന്നിവ സംബന്ധിച്ച സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

## 1-36 മരാമത്ത് പ്രവൃത്തികളിൽ ബിൽത്തുക കണക്കാക്കിയതിലെ അപാകത-കരാറുകാർക്ക് അധികം നൽകിയ തുക തിരിച്ചടച്ചു

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ബിൽത്തുക അനുവദിച്ചപ്പോൾ സംഭവിച്ച അപാകതകൾ മൂലം കരാറുകാരന് അധികം നൽകിയ തുക ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തിരികെ ഈടാക്കി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നം, പേര് | ചെലവഴിച്ച തുക | കരാറുകാരന്റെ പേര് | തിരികെ ഈടാക്കിയ തുക | അപാകതക്ക് കാരണം | ട്രഷറിയിൽ അടവാക്കിയ തീയതി | ഓഡിറ്റ് എൻക്വയറി നം, തീയതി |
|---|---|---|---|---|---|---|
| 15/22, പുത്തൻകടവ്-മങ്ങാട്ടുമഠം റോഡ് നവീകരണം | 7,56,328 | സനിൽകുമാർ എ ജി | 439 | ക്വോട്ട് ചെയ്ത നിരക്ക് പരിഗണിച്ചില്ല | 22.12.2022 | 2/16.12.22 |
| 164/22, പള്ളപ്പാടം പരണ്പയം തോട് നവീകരണം | 69,684 | ഒ.എം.നാസർ | 4356 | ജി.എസ്.ടി അധിക നിരക്കിൽ നൽകി | 22.12.2022 | 17/20.12.22 |
| 60/22, തോട്ടോത്ത് റോഡ് അറ്റകുറ്റപ്പണികൾ | 5,50,000 | വി.എ. അലിയാർ | 3008 | അനുവദനീയമല്ലാതിരുന്നിട്ടും ടെണ്ടർ എക്സസ് നൽകി | 22.12.2022 | 18/20.12.22 |
| ആകെ | | | 7803 | | | |

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 പഞ്ചായത്തിലെ ഓഫീസ് ടോയ്‌ലെറ്റ് അറ്റകുറ്റപ്പണികൾ- അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 172/22, പഞ്ചായത്ത് ഓഫീസ് ടോയ്‌ലെറ്റ് അറ്റകുറ്റപ്പണികൾ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| സാങ്കേതികാനുമതി നം, തുക | 87185/2020-21 Dated 21.12.2020, 1,00,000/- |
| കരാറുകാരൻ | ശ്രീ. വി.ഒ.ജോസ് |
| കരാർ ഉടമ്പടി നം., കരാർ തുക | 84/AE/LSGD/CHMD തീയതി.19.02.2021. |
| എം ബുക്ക്, ആകെ പ്രവൃത്തി മൂല്യം. | 51/21-22, 52/21-22, & 53/21-22 |
| ചെലവ് വിവരം | 99,804/- (ബിൽ നം ) |

പഞ്ചായത്തിലെ ഓഫീസ് ടോയ്‌ലെറ്റ് അറ്റകുറ്റപ്പണികൾക്കായി ആവിഷ്കരിച്ച പദ്ധതിയാണിത്. ടോയ്‌ലെറ്റുകളിലെ ടൈൽ, ക്ലോസെറ്റ് മറ്റ് സാനിറ്ററി ഫിറ്റിംഗ്സ് എന്നിവ മാറ്റി പുതിയവ സ്ഥാപിക്കൽ എന്നീ ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുള്ളത്. ആകെ നിർമ്മാണ ചെലവ് 99,804/- രൂപയാണ്. DSoR 2016 പ്രകാരമുള്ള നിരക്കിൽ എടുത്ത് എസ്റ്റിമേറ്റ് പ്രകാരമാണ് നിർമ്മാണം നടത്തിയിരിക്കുന്നത്. താഴെ പറയുന്ന ഇനം പ്രവൃത്തികളിൽ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയതിൽ

നിന്നും വ്യത്യസ്ത സ്പെസിഫിക്കേഷനുള്ള വസ്തുക്കളാണ് നിർമ്മാണത്തിന് ഉപയോഗിച്ചിരിക്കുന്നതെന്ന് കാണുന്നു. യഥാർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന സാധനങ്ങൾക്ക് DSoR 2016 പ്രകാരമുള്ള വില കണക്കാക്കിയാൽ കരാറുകാരന് നൽകിയ തുക അധികമാണെന്ന് കാണുന്നു.

ഇനം 15 പ്രകാരം CP Health Faucet Superior Quality (Jaguar Or Equivalent Make) DAR Code 50.17.1.5) പ്രകാരമുള്ള Health Faucet സ്ഥാപിക്കുന്നതിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ളതല്ല സ്ഥാപിച്ചിരിക്കുന്നതെന്ന് സൈറ്റ് പരിശോധനയിൽ ബോധ്യപ്പെട്ടതാണ്. ഇക്കാരണത്താൽ കരാറുകാരന് താഴെ കാണുംവിധം അധികം തുക നൽകിയിട്ടുണ്ട്.

| ഇനം | നൽകിയ നിരക്ക് (50.17.1.5 പ്രകാരം | നൽകാവുന്ന നിരക്ക് (50.17.1.4 പ്രകാരം) | അധികം നൽകിയത് |
|---|---|---|---|
| CP Health Faucet | 2 X 1280.45= 2560.90 + 12 % GST | 757.81 X 2= 1515.62+ 12 % GST | 1045.3+12 % GST= 1171/- |

പരിശോധിച്ച് മറുപടി നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതനുസരിച്ച് (നം 23/22.12.22) അധികം നൽകിയ 1171/-രൂപ 23.12.2022 ലെ 1220104158/G 071302 നം രസീത് പ്രകാരം തുക അടവാക്കിയിട്ടുണ്ട്.

എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിർമ്മാണസാമഗ്രികൾ തന്നെയാണ് പ്രവൃത്തിയിൽ ഉപയോഗിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്താതെയാണ് തുക അനുവദിച്ചത്. അളവെടുത്തപ്പോഴും, ചെക്ക് മെഷർ ചെയ്തപ്പോഴും ഇതൊന്നും ശ്രദ്ധിക്കാതെ പോകുന്നത് ശരിയായ നടപടിയല്ല. ഈയിനത്തിന് കുറഞ്ഞ നിരക്കിലുള്ള സ്പെസിഫിക്കേഷൻ PRICE Software ൽ ഉണ്ടെന്നിരിക്കെ, ഉയർന്ന നിരക്ക് അനുവദിക്കുകയും, അതിൻ പ്രകാരമുള്ള ഗുണനിലവാരം ഉറപ്പാക്കാതിരിക്കുന്നതും പദ്ധതിപ്പണത്തിന്റെ ദുർവ്യയമായി മാത്രമേ കാണാനാവൂ. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 വിവിധ വാർഡുകളിലെ തോടുകൾ വൃത്തിയാക്കൽ- എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | 123/22, വിവിധ വാർഡുകളിലെ കുളങ്ങൾ, കനാലുകൾ വൃത്തിയാക്കൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| സാങ്കേതികാനുമതി നം, തുക | 48014/2021-22, 4,50,000/- |
| കരാറുകാരൻ | ശ്രീ. വി.ജി.സുകുമാരൻ |
| കരാർ ഉടമ്പടി നം., കരാർ തുക | 30/AE/LSGD/CHMD/ തീയതി.18.11.2021 |
| എം ബുക്ക്, ആകെ പ്രവൃത്തി മൂല്യം. | 405/21-22,, 494865/-/-രൂപ |
| ചെലവ് വിവരം | 4,50,000/- (ബിൽ നം 180/31.12.2021-)<br>ചെക്ക് നം 783194/15.03.2022 -44865/- |

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ വൃത്തിയാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (10 % Aboveഎസ്റ്റിമേറ്റ് നിരക്ക്) ശ്രീ. വി.ജി.സുകുമാരനുമായി കരാറിലേർപ്പെട്ട് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കിയിട്ടുണ്ട്. DAR Data യിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ DSoR 2016 പ്രകാരമുള്ള നിരക്കിനോട് Cost Index 39.89% ചേർത്താണ് ഓരോ ഐറ്റത്തിനും നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ Earth Work Excavation എന്ന ഇനം ചെയ്യുന്നതിന് തൻവർഷം നടപ്പാക്കിയ സമാനമായ മറ്റ് പദ്ധതികളേക്കാൾ അധിക നിരക്ക് നൽകിയിട്ടുള്ളതായി കാണുന്നു. ആ കാലയളവിൽ സാങ്കേതാകാനുമതി കിട്ടിയ തോട് ക്ലീനിംഗ് പ്രവൃത്തികൾക്കെല്ലാം Earth Work ന് 2.6.1 എന്ന Specification പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നം, പേര് | TS No & Date | Specification & Rate | SoR |
|---|---|---|---|
| 186/22 തോട് ശുചീകരണം, വാർഡ് 14 | 60022/2021-22/ 23.11.2021 | 2.6.1 @ 214.03/$m^3$ | DsoR 2018 |
| 122/22-വിവിധ വാർഡുകളിലെ തോടുകൾ, കാനകൾ | 3842/2021-22/ 12.06.2021 | 2.6.1. @ 176.19/$m^3$ | DsoR 2016 |

| | | | |
|---|---|---|---|
| വൃത്തിയാക്കൽ | | | |
| 166/22-കപ്രശ്ശേരി മണലോടി തോട് നവീകരണം(spill Over) | 52123/2020-21/ 13.08.2020 | 2.6.1. @ 176.19/$m^3$ | DsoR 2016 |
| 164/22 പള്ളപ്പാടം പറമ്പയം തോട് നവീകരണം | 50144/2020-21/ 06.08.2020 | 2.6.1. @ 176.19/$m^3$ | DsoR 2016 |

എന്നാൽ മേൽ പ്രവൃത്തിക്ക് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഈയിനത്തിന് DAR Code 2.1.1 എന്ന Specification പ്രകാരം 74.14/$m^2$ എന്ന നിരക്കാണ് നൽകിയിട്ടുള്ളത്. Specification 2.1.1 ൽ പറയുന്നത് Earth Work In Surface Excavation Not Exceeding 30cm In Depth But Exceeding 1.5 M In Width As Well As 10 Sqm Plan Including Disposal Of Excavated Earth Up To 50m And Lift Up To 1.5 M Etc . ഇതു പ്രകാരം ആകെ നീളവും വീതിയും മാത്രം കണക്കിലെടുത്ത് ചതുരശ്രമീറ്ററിലുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ചെയ്ത അളവുകൾ പരിശോധിച്ചാൽ 1.5 മീറ്ററിൽ അധികം വീതിയിൽ പ്രവൃത്തി ചെയ്യേണ്ടിവന്നിട്ടില്ലെന്ന് കാണാം. അതുകൊണ്ടുതന്നെ ഈ Specification മേൽ പ്രവൃത്തിക്ക് ബാധകമാക്കേണ്ടതില്ലെന്ന് കാണാവുന്നതാണ്. (കുഴിച്ചെടുത്ത മണ്ണിന്റെ അളവ് തിട്ടപ്പെടുത്താതെ പഞ്ചായത്ത് വക സ്ഥലത്ത് നിക്ഷേപിച്ചതായി എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു.) Code 2.6.1 പ്രകാരമുള്ള നിരക്ക് നൽകാതിരുന്നതിനാൽ ഈ പ്രവൃത്തിക്ക് താഴെ കാണുംവിധം 1,27,428/- രൂപ അധികം ചെലവഴിക്കേണ്ടിവന്നിട്ടുണ്ട്.

| എസ്റ്റിമേറ്റിലെ മേൽ ഇനം (Item Sl No4) ചെയ്ത അളവ് (പേജ് 7,8 Of MB 405/21-22) | Code 2.6.1 പ്രകാരം പരമാവധി 30 Cm Depth കണക്കിലെടുത്താൽ നൽകാവുന്ന നിരക്ക് | അധികം നൽകിയത് |
|---|---|---|
| 95X.60=57.00 | 5206.4 X 0.30= 1561.92 $M^3$ @ 176.19 = 2,75,195/- | 3,86,002-2,75,195 =1,10,807/- |
| 150X 1.10= 165.00 | | |
| 1622 X 1.5 = 2433.00 | | |
| 300 X .60 = 180.00 | | |
| 200 X 1.20 = 240.00 | | |
| 350 X 1.20 = 420.00 | | |
| 378 X 1.35 = 510.30 | | |
| 157 X 0.40 = 62.80 | | |
| 168 X 0.60 = 100.8 | | |
| 300 X 2.0 = 600.00 | | |
| 200 X 1.10 = 220.00 | | |
| 45 X 1.10 = 49.50 | | |
| 280 X 0.60 = 168.00 | | |
| ആകെ 5206.4 $M^2$ @ 74.14 = 3,86,002/- | | |
| Add 10 % Tender Excess & 5 % GST=57900=4,43,902/- | 275195+41279=316474 | 1,27,428/-- രൂപ |

അപാകത പരിശോധിച്ച് അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 12/19.12.2022) താഴെ പറയും പ്രകാരമാണ് മറുപടി ലഭ്യമാക്കിയത്.

"മേൽ പദ്ധതി ഏറ്റെടുക്കുന്ന സമയത്ത് ടി പ്രദേശം നെൽകൃഷി ചെയ്തിരിക്കുകയായിരുന്നു. തോടുകളിലെ കളകൾ നീക്കി നീരൊഴുക്ക് സുഗമമാക്കാൻ ചെറിയതായി തെളിച്ചുകൊടുക്കേണ്ട ജോലിയായിരുന്നു ചെയ്യേണ്ടിയിരുന്നത്. 30 Cm താഴ്ചയിൽ മണ്ണെടുക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. Code 2.6.1 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ ഇത്രയും ദൂരമുള്ളതിനാൽ Levels എടുക്കേണ്ടതായി വരും. അടിയന്തിര പ്രവൃത്തിയായതിനാൽ ലെവൽസ് എടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും, കൃഷി നശിക്കാതിരിക്കുവാനുമാണ് ആ ഇനത്തിന് Code 2.1.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക് നൽകി എസ്റ്റിമേറ്റ് തയ്യാറാക്കി, സാങ്കേതികാനുമതി വാങ്ങി പ്രവൃത്തി നിർവഹിച്ചത്."

കൂടുതൽ ഭാഗത്തും കേവലം കള നീക്കുന്ന പ്രവൃത്തി മാത്രമേ ചെയ്യാനുണ്ടായിരുന്നതേയുള്ളുവെന്നാണ് മറുപടിയിൽ നിന്നും വ്യക്തമാകുന്നത്. ഈയൊരു ഇനം പ്രവൃത്തിക്കുമാത്രം 4,43,902/- രൂപ ചെലവ് വന്നിട്ടുള്ളത് സാമാന്യയുക്തിക്ക് നിരക്കാത്തതാണ്. Code 2.6.1 പ്രകാരം ഈ പ്രവൃത്തി നിർവ്വഹിക്കാൻ

പറ്റാത്ത സാഹചര്യമായിരുന്നുവെങ്കിൽ DAR ലെ തന്നെ Code 2.32 അനുസരിച്ച് Clearing Grass And Removal Of Rubbish Up To A Distance Of 50m Distance Of Periphery Of The Area Cleared എന്ന ഇനം പകുതിയോളം ഭാഗത്തേക്കെങ്കിലും പരിഗണിക്കാമായിരുന്നു. അപ്രകാരം പ്രവൃത്തി നിർവ്വഹിച്ചിരുന്നുവെങ്കിൽ താഴെ കാണുംവിധം പരമാവധി 2,37,248/- രൂപയേ ഈ ഇനത്തിന് ചെലവ് വരുമായിരുന്നുള്ളുവെന്ന് കാണാം.

| | |
|---|---|
| ആകെ ക്ലിയർ ചെയ്ത ഏരിയ | 5206.4 $M^2$ |
| പകുതി ഏരിയക്ക് കോഡ് 2.32 പ്രകാരം ചതുരശ്രമീറ്ററിന് 5.11രൂപ നിരക്കിൽ വരുന്ന തുക | 2603.2 X 5.11 =13,302 |
| ബാക്കിയുള്ള ഏരിയക്ക് എസ്റ്റിമേറ്റ് നിരക്ക് നൽകിയാൽ വരുന്ന തുക @ 74.14 | 2603.2 X 74.14 = 193001 |
| ആകെ | 13,302 + 1,93,001 = 2,06,303 |
| Adding 10 % Tender Excess & 5 % GST | 2,06,303 X 15 % = 206303 + 30945 =2,37,248/- |
| ഇതു പ്രകാരമുള്ള അധികച്ചെലവ് | 4,43,902-2,37,248 = 2,06,654/- |

പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ തന്നെയുള്ള നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിൽ ഇതേ കാലയളവിൽ ചെയ്ത സമാനമായ പ്രവൃത്തിക്ക് കേവലം 9.08/$m^2$ എന്ന നിരക്കാണ് നൽകിയിട്ടുള്ളത്. അക്കാര്യംകൂടി പരിഗണിക്കുമ്പോൾ ഇവിടെ നൽകിയിരിക്കുന്ന നിരക്ക് വളരെ കൂടുതലാണെന്ന് കാണാവുന്നതാണ്. രണ്ട് പഞ്ചായത്തുകളിലേയും മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നത് ഒരേ കാര്യാലയത്തിൽ നിന്നു തന്നെയായിട്ടും, ഒരേ കാലയളവിൽ ചെയ്ത പ്രവൃത്തികൾക്ക് വ്യത്യസ്ത നിരക്കിൽ സാങ്കേതികാനുമതി നൽകിയത് പരിശോധിക്കേണ്ടതാണ്. നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്തിൽ ചെയ്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് നം | സാങ്കേതികാനുമതി നം,തീയതി | സ്പെസിഫി ക്കേഷൻ | ബാധകമാക്കിയ നിരക്ക് |
|---|---|---|---|---|
| വഴുതന തോട്, കാട്ടുകഴി തോട് നവീകരണം | 2021/36051 | 7613/21-22, 01-07-2021 | Od1226418/21-22 | DSoR 2016 |
| വേളുചിറ മധുരപ്പുറം തോട് നവീകരണം | 2021/36052 | 4074/21-22, 13.06.2021 | Od1227569/21-22 | DSoR 2016 |

മേൽ പ്രവൃത്തിക്ക് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ അനാവശ്യമായ സ്പെസിഫിക്കേഷനിലുള്ള നിരക്ക് അനുവദിച്ചതിനാൽ പദ്ധതിച്ചെലവിനത്തിൽ രണ്ട് ലക്ഷത്തിലധികം രൂപയുടെ അധികച്ചെലവുണ്ടായതായി കാണാവുന്നതാണ്. ഇത്തരമൊരു എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയതും ശരിയായ നടപടിയായിരുന്നില്ല. ഓരോ പ്രവൃത്തിക്കും ഏറ്റവും അനുയോജ്യവും കുറഞ്ഞ ചെലവ് വരുന്നതുമായ സ്പെസിഫിക്കേഷൻ തെരെഞ്ഞെടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണവകുപ്പിന്റേയും, പഞ്ചായത്ത് ഭരണസമിതിയുടേയും ശ്രദ്ധക്ഷണിക്കുന്നു. പരിശോധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-39 ഗാന്ധിപുരം അങ്കണവാടി റോഡ് കാന നിർമ്മാണം- ലഭിച്ച മണ്ണിന്റെ വിനിയോഗം സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ്.ഒ 209/22- ഗാന്ധിപുരം അങ്കണവാടി റോഡ് കാന നിർമ്മാണം |
| സാങ്കേതികാനുമതി | 69042/2021-22 Dated 30.12.2021, Rs 10,00,000/- |
| കരാറുകാരന്റെ പേര്, | ശ്രീ. വിൽസൺ തോമസ് |
| കരാർ നം | 60/AE/LSGD/CHMD തീയതി 28.01.2022 |
| അളവ് പുസ്തകം | 395/2021-22 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ചെലവഴിച്ച തുക | ബിൽ നം 180/31.03.2022 8,10,822/- |

പഞ്ചായത്തിലെ വാർഡു 12 ഗാന്ധിപുരം അങ്കണവാടി റോഡ് കാന നിർമ്മാണം എന്ന മേൽ പ്രവൃത്തിയുടെ ഭാഗമായി 96.384 $M^3$ മണ്ണ് കുഴിച്ചെടുത്തതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (പേജ് 1). ലഭിച്ച മണ്ണ് സൈറ്റിനരികിൽ സ്റ്റാക്ക് ചെയ്ത് പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തതായാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. ഈ മണ്ണ് ലേലം ചെയ്ത് വിൽപ്പന നടത്തിയിട്ടുണ്ടെങ്കിൽ ലേലത്തുകയുടെ

വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും അല്ലെങ്കിൽ മണ്ണിന്റെ വിനിയോഗവിവരം അറിയിക്കണമെന്നും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു ( നം 24/22.12.22).
മണ്ണ് ലേലം ചെയ്തിട്ടില്ലെന്നും, പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം കുറച്ച് മണ്ണ് ദേശം ഗവ സ്കൂളിലേക്കും, 93-ാം നമ്പർ അങ്കണവാടിയിലേക്കും കൊണ്ടുപോയിട്ടുള്ളതായും, ബാക്കിയുള്ള മണ്ണ് നിക്ഷേപിച്ച സ്ഥലത്ത് തന്നെ കിടക്കുകയാമെന്നുമാണ് മറുപടി നൽകിയത്. മണ്ണിന്റെ കൃത്യമായ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്.

## 1-40 മരാമത്ത് പ്രവൃത്തികൾ- പൊതു ന്യൂനതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥയായി 2021-22 വർഷത്തിൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും, രേഖകൾ, രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നതിലും കണ്ട പൊതുവായ ന്യൂനതകൾ താഴെ ചേർക്കുന്നു.

1. ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(II) ഇ.എം.ഡി തുക, രസീത് നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല.

(III) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

2. കരാറുകാരന് നൽകുന്ന സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തുന്നില്ല. ഇക്കാരണത്താൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാർ വയ്ക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താനാകുന്നില്ല. പൊതുമരാമത്ത് മാന്വൽ പ്രകാരം സെലക്ഷൻ നോട്ടീസ് തീയതിക്ക് 14 ദിവസത്തിനകം കരാർ ചമയ്ക്കാത്തവരിൽ നിന്നും PAC യുടെ 1 % പിഴ ചുമത്തേണ്ടതാണ്.

3. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു. പ്രവർത്തന കലണ്ടർ കരാറിന്റെ ഭാഗമാക്കുന്നില്ല.

4. പ്രവൃത്തിയുടെ ആവശ്യകത, സ്പെസിഫിക്കേഷൻ, സൈറ്റ് കണ്ടീഷൻ, പ്രവൃത്തിയുടെ സ്ഥാനം, ലക്ഷ്യം പദ്ധതി ചെലവ് റോഡ് പ്രവൃത്തിയാണെങ്കിൽ ചെയിനേജ് തുടങ്ങിയവ പ്രൊജക്റ്റ് റിപ്പോർട്ടിൽ ഉണ്ടായിരിക്കേണ്ടതാണ്. ചെറിയ ചെയിനേജുകളിലായി വാർഡ് അടിസ്ഥാനത്തിൽ ഭാഗികമായ റോഡ് പ്രവൃത്തികൾക്ക് പ്രൊജക്റ്റ് തയ്യാറാക്കുന്നത് പദ്ധതി മാർഗനിർദ്ദേശങ്ങൾക്ക് നിരക്കുന്നതല്ല. (ജി.ഒ (എം.എസ് )നം.72/2017 തസ്വഭവ തീ.29/03/17 പദ്ധതിമാർഗനിർദ്ദേശങ്ങൾ ഖണ്ഡിക 4-5(1)കാണുക). തൻവർഷം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയ ഭൂരിഭാഗം റോഡ് പ്രവൃത്തികളും മേൽപ്പറഞ്ഞവിധമുള്ള ചെറിയ പ്രവൃത്തികളാണ്. റോഡുകളുടെ ആകെ നീളമോ മെയിന്റനൻസ് നടത്തുന്ന ഭാഗത്തിന്റെ ചെയിനേജോ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ എസ്റ്റിമേറ്റിലോ എം ബുക്കിലോ ഒന്നും രേഖപ്പെടുത്തുന്നില്ല. ഫണ്ടിന്റെ അപര്യാപ്തത മൂലം ഓരോ റോഡിന്റേയും ചെറിയ ഭാഗം മാത്രമാണ് ഓരോ വർഷവും മെയിന്റനൻസ് ചെയ്യുന്നത്. പ്രവൃത്തി ചെയ്യുന്ന ഭാഗത്തിന്റെ ചെയിനേജ് രേഖപ്പെടുത്താത്തതിനാൽ പ്രവൃത്തി ചെയ്ത സ്ഥലം നേരിൽ പോയി പരിശോധിക്കുവാൻ സാധിക്കുന്നില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിലുണ്ടെങ്കിലും പൂർണ്ണവിവരങ്ങളില്ല. ഓരോ വർഷവും ഒരേ റോഡ് തന്നെ കുറച്ച് ഭാഗം മാത്രം മെയിന്റനൻസ് ചെയുന്നതിന് പുതിയ പ്രൊജക്ടായി പദ്ധതി നടപ്പിലാക്കുന്നതിനാൽ ഓരോ റോഡും ഇതുവരെ എത്ര മീറ്റർ നീളത്തിൽ എവിടെവരെ ഏതെല്ലാം ഭാഗത്ത് മെയിന്റനൻസ് ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച് വ്യക്തമായ ഒരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല.

എല്ലാ പ്രവൃത്തികളും ടെണ്ടർ മുഖേന അംഗീകൃത കരാറുകാരെക്കൊണ്ടാണ് ചെയ്യിച്ചിരിക്കുന്നത്. 5 ലക്ഷത്തിനു മുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ മൽസരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നതായി കാണുന്നില്ല. ഒരു പ്രവൃത്തിക്ക് ആകെ ലഭിക്കുന്ന രണ്ട് ടെണ്ടറുകളിൽ ഒരെണ്ണം എസ്റ്റിമേറ്റ് നിരക്കിലും രണ്ടാമത്തേത് അതിൽ കൂടുതൽ നിരക്കിൽ ക്വോട്ട് ചെയ്തവയുമാണ്. തൻവർഷം ഭൂരിഭാഗം പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിൽ അംഗീകരിച്ചാണ് നടപ്പിലാക്കിയിരിക്കുന്നത്. വരും വർഷം മുതൽ പ്രൊജക്ടുകളുടെ എണ്ണം കുറച്ച് സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-41 ബഡ്സ് സ്കൂൾ ഗ്രാന്റ് -തുക ചെലവഴിച്ചില്ല

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിലെ 320700204 എന്ന ഹെഡ് കോഡിൽ 12,50,000/- രൂപ നീക്കിയിരിപ്പുണ്ട്. പഞ്ചായത്തിൽ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ( BRC) തുടങ്ങുന്നതിന് ഭരണാനുമതിയും, ആകെ ചെലവിന്റെ 50% തുകയായ 12,50,000/- രൂപയും 22/02/2018 ലെ ജി.ഒ.(എം.എസ്.) നം 25/2018 തസ്വഭവ ഉത്തരവ് പ്രകാരം ലഭിച്ചതാണ്. 2017-18 സാമ്പത്തിക

വർഷം തുക ലഭിച്ചെങ്കിലും പഞ്ചായത്ത് ഇക്കാര്യത്തിൽ തുടർ നടപടികളൊന്നും തന്നെ സ്വീകരിച്ചില്ല. 15.10.2022 ലെ 12(1) നം കമ്മിറ്റി തീരുമാനപ്രകാരം തുക തിരിച്ചടവാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 18 വയസ്സിന് മുകളിൽ പ്രായമുള്ള ഭിന്നശേഷിക്കാരായ 9പേരുടെ ലിസ്റ്റ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ നൽകിയിരുന്നെങ്കിലും കേവലം 2 പേർ മാത്രമാണ് പഞ്ചായത്ത് പരിധിയിൽ പെടുന്നതെന്നും, അവർ നിലവിൽ സമീപ പഞ്ചായത്തിലെ ബഡ്സ് സ്കൂളിൽ പോകുന്നവരാണെന്നും, ഈ സാഹചര്യത്തിൽ രണ്ടുപേർക്ക് വേണ്ടി പുതിയ ഒരു ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ സ്ഥാപിക്കേണ്ടതില്ലെന്ന നിഗമനത്തിലാണ് തുക തിരിച്ചടക്കാൻ തീരുമാനമെടുത്തതെന്നുമാണ് മിനിട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും, ഓഡിറ്റ് തീയതി വരെയും തുക തിരിച്ചടച്ചിട്ടില്ല. പ്രത്യേകാവശ്യത്തിന് ലഭിക്കുന്ന തുക യഥാസമയം ചെലഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. ലഭിക്കുന്ന ഫണ്ട് പൊതുജനങ്ങൾക്ക് ഉപകരിക്കുംവിധം സമയബന്ധിതമായി ചെലവഴിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ലഭിച്ച തുക കാലതാമസം കൂടാതെ തിരികെ അടവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | 01.04.2021 ലെ മുന്നിരിപ്പ് | 2021-22ൽ ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 16,76,548 | 200000 | പാലിയേറ്റീവ് കെയർ (S5/22) | 200000 | 16,76,548 |
| | | 246200 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം (S 39/22) | 246200 | |
| | | 150000 | പാൽ സബ്സിഡി (S 2/22) | 150000 | |
| ജില്ലാ പഞ്ചായത്ത് | 21,26,764 | 229700 | പാലിയേറ്റീവ് കെയർ (S5/22) | 229700 | 21,26,764 |
| | | 144500 | നെൽകൃഷിക്ക് കൂലിച്ചെലവ് (S 40/22) | 144500 | |
| | | 48000 | പാൽ സബ്സിഡി (S 2/22) | 48000 | |

| | | | | | |
|---|---|---|---|---|---|
| ആകെ | 38,03,312 | 596200+422200= 10,18,400 | | 596200+422200= 10,18,400 | 38,03,312 |

വാർഷിക കണക്ക് പ്രകാരം ട്രഷറി ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിലെ നീക്കിയിരിപ്പ് 10,00,000/- രൂപയാണ്. തൻവർഷത്തെ ഈ അക്കൗണ്ടിൽ നിന്നും സർക്കാർ റിഡെംപ്ഷനായി പിൻവലിച്ച തുകയായ 28,48,703/- രൂപ കൂടി പരിഗണിക്കുമ്പോൾ ആകെ നീക്കിയിരിപ്പുതുക 38,48,703/- രൂപയാകും. എന്നാൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തു ഫണ്ടുകളുടെ ലെഡ്ജർ പ്രകാരം ആകെ നീക്കിയിരിപ്പ് 38,03,312/- രൂപ മാത്രമാണ്. 45,391/-രൂപയുടെ വ്യത്യാസത്തിന് കാരണം ചോദിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി ( നം. ) നൽകിയിരുന്നു. മുൻവർഷങ്ങളിൽ ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ നിന്നും ചെലഴിക്കുകയും എന്നാൽ ഗുണഭോക്താവിന്റെ അക്കൗണ്ട് വിവരങ്ങൾ തെറ്റായതുമൂലമോ, മറ്റ് കാരണങ്ങളാലോ ക്രെഡിറ്റാവാതെ, ട്രഷറി സസ്പെൻസ് അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന തുക തിരികെ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നിക്ഷപിച്ചതുമൂലമാണ് ഇത്തരത്തിൽ വ്യത്യാസം വന്നിട്ടുള്ളതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്.

വിവിധ പദ്ധതികൾക്കായി ചെലവഴിക്കുന്ന തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ എത്തുന്നുണ്ടെന്ന് യഥാസമയം പരിശോധിച്ചുറപ്പാക്കേണ്ടത് അതാത് നിർവ്വഹണ ഉദ്യോഗസ്ഥരാണ്. അക്കൗണ്ട് വിവരങ്ങൾ രേഖപ്പെടുത്തിയതിലുള്ള തെറ്റുകൾ യഥാസമയം ട്രഷറി അധികൃതരെ അറിയിച്ച് തെറ്റുതിരുത്തിയിരുന്നുവെങ്കിൽ ഇത്തരത്തിൽ ട്രഷറി സസ്പെൻസ് അക്കൗണ്ടിൽ സൂക്ഷിക്കുന്ന തുക യഥാർത്ഥ ഗുണഭോക്താവിന് ലഭിക്കുമായിരുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സംയുക്ത പദ്ധതികൾക്കായി മുൻവർഷങ്ങളിൽ ലഭിച്ച ബ്ലോക്ക് വിഹിതത്തിൽ 16,76,548/- രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ 21,26,764/-രൂപയുമാണ് ചെലവഴിക്കാതെ അവശേഷിക്കുന്നത്. പദ്ധതികൾ നിലവിലില്ലെങ്കിൽ തുക സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു:-

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 118/22 സ്ട്രീറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ | 22100499/ 25.02.2022 | 11,12,610 | 0 | 11,12,610 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു:-

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ഭവന വായ്പ – ലൈഫ് | LF N0. 511/2018 Dt.20.6.2019 | 85,83,262 | 68,78,667 | 9,38,667 | 0 | 59,40,000 |

വികസനഫണ്ട് (എസ്.സി.പി.)യിൽ നിന്നും 1,31,999/- രൂപയും വികസനഫണ്ട് (ജനറൽ)-ൽ നിന്നും 8,06,668/- രൂപയും സ്രോതസ്സിൽ കുറവ് ചെയ്ത് ആകെ 2021-22 വർഷം 9,38,667/- രൂപ വായ്പയിനത്തിൽ തിരിച്ചടച്ചിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,46,000 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 1,00,14,788 |
| ആകെ | 1,01,60,788 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 14,788 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,01,46,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ചെങ്ങമനാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് | 26/2/2021 | 5 വർഷം | 1,00,000 | അക്കൗണ്ട് നം 38332/26.02.2021 |
| 2. | ചെങ്ങമനാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് | 01/07/2021 | 10 വർഷം | 46,000 | അക്കൗണ്ട് നം 101140010045745/21.06.2017 |
| 3 | കേരള ബാങ്ക് ആലുവ | 20.05.2021 | 1വർഷം | 50,00,000 | 005385000000003 |
| 4 | കേരള ബാങ്ക് ആലുവ | 20.05.2021 | 1വർഷം | 50,00,000 | 005385000000004 |
| | | | | 1,01,46,000 | |

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,00,84,365 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,43,20,280 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 20,79,333 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ഇല്ല | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 119964 | ഡോ.എലിസബത്ത്<br>മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-25 | 12500 | ,, ,, |
| 1-26 | 91350 | ശ്രീമതി.സൈന.പി<br>ഹെഡ് മിസ്ട്രസ് |
| 1-27 | 39797 | ശ്രീമതി.സൈന.പി<br>ഹെഡ് മിസ്ട്രസ് |
| 1-28 | 43200 | ശ്രീമതി.അളക ആർ ബാബു<br>ഫിഷറീസ് ഇൻസ്പെക്ടർ |
| 1-29 | 70782 | ശ്രീമതി നിസമോൾ<br>സെക്രട്ടറി |
| 1-31 | 1355602 | ശ്രീ.റിബു വർഗീസ്, വി.ഇ.ഒ |
| 1-32 | 346138 | ശ്രീമതി ദീപ കെ.സി.<br>സെക്രട്ടറി (ഇൻ ചാർജ്) |
| ആകെ | 2079333 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | സ്ഥാപനം |
|---|---|---|
| 1-17 | 27,24,996 | സംസ്ഥാന സർക്കാർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും<br>ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.എലിസബത്ത്<br>മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി. ചെങ്ങമനാട് | ശാലീനം<br>കോൺവെന്റ് റോഡ്<br>അങ്കമാലി |
| ശ്രീമതി.സൈന.പി<br>ഹെഡ് മിസ്ട്രസ് | ഹെഡ്മിസ്ട്രസ്,<br>ജെ.ബി.എസ്.ദേശം | മട്ടമ്മൽ ഹൌസ്<br>വാട്ടർ ടാങ്ക് റോഡ്,<br>തേവര (പിഒ)<br>എറണാകുളം |
| ശ്രീമതി ദീപ കെ.സി.<br>അസി. സെക്രട്ടറി | അസി. സെക്രട്ടറി,<br>ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് | തെക്കിനേടത്ത് ഹൗസ്,<br>ദേശം ഈസ്റ്റ്<br>ദേശം പി.ഒ.<br>683103 |
| ശ്രീ.റിബു വർഗീസ്<br>വി ഇ ഒ | വി.ഇ.ഒ,<br>ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് | ക്വാട്ടേഴ്സ് നം -X36, FACT Township,<br>ഉദ്യോഗമണ്ഡൽ (പിഒ)<br>ഏലൂർ |
| ശ്രീമതി നിസമോൾ<br>സെക്രട്ടറി | സെക്രട്ടറി,<br>ചെങ്ങമനാട്<br>ഗ്രാമപഞ്ചായത്ത് | പള്ളിക്കര ഹൗസ്,<br>മഞ്ഞുമ്മൽ പി.ഒ.,<br>683501 |
| ശ്രീമതി.അളക ആർ ബാബു<br>ഫിഷറീസ് എക്സ്റ്റെൻഷൻ<br>ഓഫീസർ | ഫിഷറീസ് എക്സ്റ്റെൻഷൻ<br>ഓഫീസർ<br>O/o ജോയിന്റ് ഡയറക്ടർ,<br>ഈസ്റ്റ് കടുങ്ങല്ലൂർ | ഊരാമ്പിള്ളിയിൽ ഹൌസ്,<br>മഞ്ഞുമ്മൽ പി.ഒ.<br>ആലങ്ങാട്, ആലുവ<br>683501<br>ഫോൺ നം -6238364145 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ്<br>വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും<br>ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ<br>അവശേഷിക്കുന്ന |
|---|---|---|

| | | |
|---|---|---|
| | | ഖണ്ഡികകളുടെ എണ്ണം |
| 1997-98 | എൽ.എഫ്.ഇ(പി.3) 997/02/ 07.02.2003/06.05.2003 | 7 |
| 2002-03 | എൽ.എഫ്.ഇ(പി.3) 1472/07/ 28.07.2008/09.12.2008 | 2 |
| 2003-04 | എൽ.എഫ്.ഇ (പി.3) 940/10/ 18.08.2011/17.10.2011 | |
| 2006-07 | എൽ.എഫ്.ഇ (പി.3) 1679/08/ 17.07.2008/06.06.2009 | 2 |
| 2007-08 | എൽ.എഫ്.ഇ (പി.3) 1946/08/ 14.09.2009/04.12.2009 | 1 |
| 2008-09 2009-10 2010-11 | എൽ.എഫ്.ഇ (പി.3) 942/10/ 14.09.2012/12.12.2012 | 5 |
| 2011-12 &2012-13 | എൽ.എഫ്.ഇ (പി.3) 162/14 10.03.2014 | 1 |
| 2013-14& 2014-15 | എൽ.എഫ്.ഇ (പി.3) 1117/15 17.07.2015 | 2 |
| 2016-17 | കെ. എസ് . എ / ഇ.കെ.എം(പി 11) 1876/2017 Dtd 03.10.17 | 5 |
| 2017-18 | കെ. എസ് . എ / ഇ.കെ.എം(പി 11) 2079/2018 Dtd 08.10.18 | 10 |
| 2018-19 | കെ. എസ് . എ / ഇ.കെ.എം(പി 11) 1685/2019 Dtd 15.11.19 | 13 |
| 2019-20 | കെ. എസ് . എ / ഇ.കെ.എം(പി 11) 996/2021 തീ. 10.09.2021 | |
| 2020-21 | കെ. എസ് . എ / ഇ.കെ.എം(പി 11) 997/2021 തീ. 10.09.202 | |

.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്